# സഹ്യനാദം

Vol. 6 No.7 July 2009


C. 14/09

## ഇടയലേഖനം

സീറോ മലബാർ സഭയുടെ ശ്രേഷ്ഠ മെത്രാപ്പോലീത്താ

**കർദ്ദിനാൾ വർക്കി വിതയത്തിൽ**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും എഴുതുന്നത്.
കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ദുക്റാന തിരുനാൾ ലോകമെങ്ങുമുള്ള സീറോ-മലബാർ സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമേറിയ ഒരു ദിവസമാണല്ലോ. ഭാരതപ്പസ്തോലനും വിശ്വാസത്തിൽ നമ്മുടെ പിതാവുമായ മാർത്തോമാശ്ലീഹ 'എന്റെ കർത്താവേ എന്റെ ദൈവമേ' എന്ന തന്റെ വിശ്വാസ പ്രഘോഷണത്തിന് സ്വന്തം ജീവൻ കൊണ്ട് സാക്ഷ്യം നല്കിയ ദിനമാണത്. ഈ തിരുനാൾ ആചരിക്കുന്ന ഓരോ വ്യക്തിക്കും ഇത് വിശ്വാസത്തിലുള്ള ഒരു പുനർജീവിതത്തിന്റെ തുടക്കമായിരിക്കണം. തോമാശ്ലീഹായിൽ നിന്ന് ലഭിച്ച തങ്ങളുടെ ക്രൈസ്തവ വിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് കേരളത്തിലും കേരളത്തിനു പുറത്ത് ഭാരതത്തിലും വിദേശത്തുമായി ജീവിക്കുന്ന എല്ലാ സീറോ-മലബാർ സഭാംഗങ്ങൾക്കും ദുക്റാന തിരുനാളിന്റെ ആശംസകൾ നേരുന്നു.

ജനിച്ച് നാടും വീടും വിട്ട് കേരളത്തിന് പുറത്ത് ഇന്ത്യയിലും വിദേശത്തുമായി തങ്ങളുടെ കുടുംബാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി കഷ്ടപ്പെട്ട് പണിയെടുക്കുന്നതോടൊപ്പം തങ്ങൾക്ക് ലഭിച്ച വിശ്വാസ പാരമ്പര്യം അവിടുത്തെ പരിമിതമായ സാഹചര്യങ്ങളിൽ





കാത്തുസൂക്ഷിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുകയും ചെയ്യുന്ന സീറോ-മലബാർ സഭാംഗങ്ങളായ പ്രവാസി മലയാളികളെ ഞാൻ ഈ അവസരത്തിൽ പ്രത്യേകം അനുസ്മരിക്കുകയാണ്. വിശ്വാസ ജീവിതത്തിനുവേണ്ടിയുള്ള അവരുടെ ആത്മാർപ്പണത്തിന്റെയും ത്യാഗോജ്ജ്വലമായ പ്രയത്നങ്ങളുടെയും ഉത്തമോദാഹരണമാണ് ഖത്തറിലെ ദോഹയിൽ മെയ് 22 ന് ഞാൻ കൂദാശ ചെയ്ത ഗൾഫ് റീജിയനിലെ ആദ്യത്തെ സീറോ-മലബാർ ദൈവാലയം. തീർച്ചയായും വളരെ അഭിമാനിക്കത്തക്ക ഒരു നേട്ടം തന്നെയാണിത്. ഈ വിജയത്തിനു പുറകിൽ പ്രവർത്തിച്ച എല്ലാ വ്യക്തികളെയും ഞാൻ അഭിനന്ദിക്കുകയാണ്. മറ്റു സ്ഥലങ്ങളിലുള്ള പ്രവാസി സമൂഹങ്ങൾക്കും ഇത് വലിയ പ്രചോദനവും മാതൃകയും ആയിത്തീരട്ടെ.

ഈ അവസരത്തിൽ നമ്മുടെ വിശ്വാസത്തിന്റെ പൂജ്യത കാത്തുസൂക്ഷിക്കുവാൻ നാം എത്രമാത്രം ശ്രദ്ധാലുക്കളായിരിക്കണം എന്ന വസ്തുതയിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിയതമായ സഭാഭരണ സംവിധാനങ്ങളില്ലാത്ത സാഹചര്യങ്ങളിൽ പ്രത്യേകിച്ചും നമ്മുടെ രീതിയിലുള്ള അജപാലന സൗകര്യങ്ങളോ വിശ്വാസ പരിശീലന പദ്ധതികളോ ഇല്ലാത്ത അവസ്ഥയിൽ പൈതൃകമായി നമുക്ക് ലഭിച്ചിട്ടുള്ള കത്തോലിക്കാവിശ്വാസത്തിൽ നിന്നും വ്യതിചലിച്ചു പോകുവാനുള്ള സാധ്യത വളരെ ശക്തമാണ്. കത്തോലിക്കാ വിശ്വാസത്തിന് കടക വിരുദ്ധമായ പഠനങ്ങൾ പ്രചരിപ്പിക്കുന്ന പല സെക്ടുകളും ഇന്ന് രൂപം കൊണ്ടിട്ടുണ്ട്. ധാരാളം പേർ അവരുടെ ആകർഷണ വലയത്തിൽപ്പെട്ട് തിരുവചനം തെറ്റായി വ്യാഖ്യാനിക്കുവാനും കൂദാശജീവിതത്തിൽ നിന്നും വിട്ടു നിൽക്കുവാനും കത്തോലിക്കാ കൂട്ടായ്മയിൽ നിന്നുതന്നെ അകന്നു പോകുന്നതിനും ഇടയാകുന്നുണ്ട് എന്ന കാര്യം ഖേദപൂർവ്വം അനുസ്മരിക്കട്ടെ. പുതുതായി രൂപം കൊണ്ടിട്ടുള്ള സെക്ടുകളെക്കുറിച്ച് കേരള കത്തോലിക്കാ മെത്രാൻമാർ കഴിഞ്ഞ മാർച്ച് മാസത്തിൽ

പുറത്തിറക്കിയ സംയുക്ത ഇടയലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു.

"അടുത്ത കാലത്തു സഭയിലെ ചില അത്മായ പ്രഘോഷകർ സ്വന്തം സുവിശേഷ ധ്യാന ടീമുകളും പ്രാർത്ഥനാ ഗ്രൂപ്പുകളും സ്ഥാപിക്കുകയും ക്രമേണ സഭാ പ്രബോധനങ്ങളിൽ നിന്നും നിയന്ത്രണത്തിൽ നിന്നും അകന്ന് സ്വന്തം നിലയിൽ സെക്ടുകളായി മാറുകയും ചെയ്തിട്ടുണ്ട്. അവർ നടത്തുന്ന ബൈബിൾ വ്യാഖ്യാനങ്ങൾ പലതും സഭയുടെ വിശുദ്ധ പാരമ്പര്യത്തിനോ പ്രബോധനങ്ങൾക്കോ സാമാന്യബുദ്ധിക്കോ നിരക്കാത്തവയാണ്". കേരളത്തിൽ അടുത്തകാലത്ത് ആരംഭിച്ചതും സഭയുടെ അംഗീകാരവും അനുവാദവുമില്ലാതെ നടത്തപ്പെടുന്നതുമായ ചില സുവിശേഷപ്രസ്ഥാനങ്ങളും പ്രാർത്ഥനാലയങ്ങളും അവ സഭയുടെ അംഗീകാരമുള്ളതാണെന്ന തെറ്റിദ്ധാരണ പരത്തി പ്രവൃത്തിക്കുന്നതായി ഇടയലേഖനം ചൂണ്ടിക്കാണിക്കുന്നു. ഇരിങ്ങാലക്കുട രൂപതാതിർത്തിയിൽ മുരിയാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന എമ്പറർ എമ്മാനുവേൽ ട്രസ്റ്റ്, മാളയിലെ അമ്മ, കാഞ്ഞിരപ്പള്ളിയിലെ അപ്പർ റൂം, എറണാകുളത്തെ കോർണർ സ്റ്റോൺ, സ്പിരിറ്റ് ഇൻ ജീസസ്, ആത്മാഭിഷേകം തുടങ്ങിയ പ്രസ്ഥാനങ്ങളും സ്വർഗ്ഗീയ വിരുന്നുപോലെയുള്ള സഭാഗ്രൂപ്പുകളും ഇതിൽ പെടുന്നു. സഭയുടെ അംഗീകാരമില്ലാത്ത പ്രാർത്ഥനാഗ്രൂപ്പുകളിലും ധ്യാനങ്ങളിലും വിശ്വാസികൾ സംബന്ധിക്കരുതെന്ന് ഇടയലേഖനം മുന്നറിയിപ്പ് നൽകുന്നു.

2008 ഓഗസ്റ്റിൽ കൂടിയ സീറോ-മലബാർ ബിഷപ്സ് സിനഡും സ്പിരിറ്റ് ഇൻ ജീസസ്, എമ്പറർ എമ്മാനുവേൽ, അപ്പർ റൂം തുടങ്ങിയ പ്രസ്ഥാനങ്ങൾക്കെതിരെ നടപടി എടുക്കണമെന്ന് ശിപാർശ ചെയ്തിരുന്നു. മുകളിൽ പറഞ്ഞ സെക്ടുകളും പ്രസ്ഥാനങ്ങളും വിവിധ രൂപതകളിൽ നിരോധിക്കപ്പെട്ടിട്ടുള്ളതാകകൊണ്ടും ഇവരുടെ പ്രവർത്തനങ്ങളുടെ ദൂഷ്യവശങ്ങൾ ഒരു രൂപതയിൽ മാത്രം കേന്ദ്രീകരിച്ചുള്ളതല്ലാത്തതുകൊണ്ടും ഇവക്കെതിരെയുള്ള





നിരോധനം സഭയിൽ മുഴുവനുമായി വിപുലപ്പെടുത്തണമെന്ന് പെർമനന്റ് സിനഡ് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പ്രസ്ഥാനങ്ങൾ നമ്മുടെ സഭ മുഴുവനിലും നിരോധിക്കപ്പെട്ടിരിക്കുകയാണെന്ന് ഇതിനാൽ ഞാൻ നിങ്ങളെ അറിയിക്കുകയാണ്. അതിനാൽ ഇത്തരം പ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയോ അവരുമായി സഹകരിക്കുകയോ ചെയ്യരുതെന്ന് എല്ലാവരേയും ഓർമ്മിപ്പിക്കുന്നു. ഏതെങ്കിലും ഗ്രൂപ്പുകളെയോ പ്രസ്ഥാനങ്ങളെയോ ധ്യാനപരിപാടികൾക്കും പ്രാർത്ഥനാ സമ്മേളനങ്ങൾക്കും ക്ഷണിക്കുമ്പോൾ അവർ കത്തോലിക്കാ സഭാധികാരികളിൽ നിന്നും അംഗീകാരം ലഭിച്ചവരാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ടെന്നു കൂടി ഓർമ്മിപ്പിക്കട്ടെ.

സഭ വിശ്വാസികളുടെ കൂട്ടായ്മയാണ്. സഭയിലെ ഓരോ വ്യക്തിയും സഭയുടെ ദൗത്യത്തിൽ അവരുടേതായ തലങ്ങളിൽ നിന്നുകൊണ്ട് പങ്കുകാരാകേണ്ടതുണ്ട്. മെത്രാൻമാരും പുരോഹിതരും സന്യസ്തരും അത്മായരും തങ്ങളുടെ തനതായ ഉത്തരവാദിത്വ നിർവ്വഹണത്തിലൂടെ തങ്ങളുടെ വിശ്വാസത്തെ പരിപോഷിപ്പിക്കുന്നതിനും അതിന് സാക്ഷ്യം വഹിക്കുന്നതിനും ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഒരുപക്ഷേ ഈ ദൗത്യ നിർവ്വഹണത്തിൽ അത്മായരുടെ പങ്ക് അടുത്ത കാലംവരെയും വേണ്ടത്ര പ്രാധാന്യത്തോടെ വീക്ഷിക്കപ്പെട്ടിരുന്നില്ല എന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് കഴിഞ്ഞ സിനഡിൽ ഒരു അത്മായ കമ്മീഷന് രൂപം കൊടുത്തിട്ടുള്ളത്. കമ്മീഷൻ വിവിധങ്ങളായ പരിപാടികളിലൂടെ സഭാ പ്രവർത്തനങ്ങളിൽ അത്മായരുടെ ശരിയായ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുള്ള പരിപാടികളുമായി ഇതിനകം തന്നെ വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്. അടുത്ത ഓഗസ്റ്റ് 13 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ ഇതിന്റെ ഭാഗമായി ഒരു International Laity Assembly വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും സഹകരണം ഞാൻ

അഭ്യർത്ഥിക്കുകയാണ്. മാത്രമല്ല അതുകഴിഞ്ഞു വരുന്ന മെത്രാൻ സമിതിയുടെ സമ്മേളനത്തോടനുബന്ധിച്ച് വൈദിക-സന്യസ്ത-അത്മായ പ്രതിനിധികളുമായി ഒരു interaction ഒരുക്കുവാൻ പെർമനന്റ് സിനഡ് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെയെല്ലാം ഫലമായി സഭയുടെ ദൗത്യനിർവ്വഹണത്തിൽ സഭയിലെ എല്ലാ വിഭാഗങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അജപാലനരംഗത്ത്, പ്രത്യേകിച്ച് പ്രവാസികളായ സീറോ-മലബാർ സഭാംഗങ്ങൾക്ക് തങ്ങളുടെ വിശ്വാസപാരമ്പര്യമനുസരിച്ചുള്ള അജപാലന ശുശ്രൂഷ നൽകുവാനുള്ള എല്ലാ പരിശ്രമങ്ങളും നമ്മൾ ചെയ്തുവരുന്നുണ്ട്. പ്രതീക്ഷിച്ച വിജയങ്ങൾ കൈവരിക്കാനായിട്ടില്ലെങ്കിലും നമുക്ക് പ്രത്യാശ നഷ്ടപ്പെടാതെ നമ്മുടെ പരിശ്രമം തുടരാം. അതേ സമയം ഈ ദൗത്യ നിർവ്വഹണത്തിനായി നിരവധി വൈദികരെ നമുക്ക് ആവശ്യമുണ്ടെന്ന കാര്യം നമ്മൾ ഓർക്കേണ്ടതുണ്ട്. പൗരോഹിത്യത്തിലേയ്ക്കുള്ള ദൈവവിളികൾ ഉയർന്നുവരേണ്ടത് നാമോരോരുത്തരുടെയും കുടുംബങ്ങളിൽ നിന്നു തന്നെയാണ്. പരിശുദ്ധ പിതാവ് 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെയുള്ള വർഷത്തെ പുരോഹിതർക്കായുള്ള വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. നമ്മുടെ ഭവനങ്ങളിൽ നിന്ന് ദൈവവിളികൾ - പൗരോഹിത്യത്തിലേയ്ക്കും സന്യാസാന്തസ്സിലേയ്ക്കുമുള്ള ദൈവവിളികൾ പരിപോഷിപ്പിക്കേണ്ടത് നമ്മുടെ വലിയൊരു ഉത്തരവാദിത്വമാണ്. പുരോഹിതർക്കായുള്ള വർഷാചരണം അതിന് ശക്തമായ ഒരു പ്രചോദനമായിരിക്കട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

ആളുകൊണ്ട് മാത്രമല്ല അർത്ഥം കൊണ്ടും നാം നമ്മുടെ സഭയുടെ ദൗത്യ നിർവ്വഹണത്തിൽ പങ്കുചേരേണ്ടതുണ്ട്. മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും തുടർന്നുള്ള വർഷങ്ങളിലും സഭാദിനത്തോടനുബന്ധിച്ച് ഒരാൾക്ക് ഒരു രൂപ നിരക്കിൽ എല്ലാ സീറോ-മലബാർ സഭാംഗങ്ങളും സാമ്പത്തിക സഹായം





നൽകണമെന്ന സിനഡ് തീരുമാനം ഞാൻ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുകയാണ്. നിങ്ങളുടെ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ഞാൻ ഇതിനായി അഭ്യർത്ഥിക്കുന്നു.

ദുക്റാന തിരുനാൾ ആഘോഷിക്കുന്ന ഈ അവസരത്തിൽ മാർത്തോമായിൽ നിന്ന് നമുക്ക് ലഭിച്ച വിശ്വാസപാരമ്പര്യം കാത്തുസൂക്ഷിക്കുവാനും പരിപാലിക്കുവാനും അതിന് സാക്ഷ്യം വഹിക്കുവാനും സ്വദേശത്തും വിദേശത്തുമുള്ള എല്ലാ സീറോ-മലബാർ ക്രൈസ്തവർക്കും വലിയ ഉത്തരവാദിത്വമുണ്ട് എന്ന് നാം ഓർക്കണം. ഈ വിശ്വാസ ജീവിതത്തിന്റെ മകുടോദാഹരണമാണ് സീറോ - മലബാർ സഭയുടെ അരുമസന്താനവും അഭിമാനപാത്രവുമായ ഭാരതത്തിലെ ആദ്യത്തെ വനിതാ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ട വി.അൽഫോൻസ. ഈ വിശ്വാസത്തിൽ നിന്ന നമ്മെ വഴി തെറ്റിക്കാനും സഭാ കൂട്ടായ്മയിൽ നിന്ന് നമ്മെ അടർത്തിയെടുക്കുവാനും പരിശ്രമിക്കുന്ന ശക്തികളെയും പ്രസ്ഥാനങ്ങളെയും നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. അവയ്ക്കെതിരെ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. നാം ഏതു തലത്തിലാണെങ്കിലും സഭാ കൂട്ടായ്മയിൽ നമ്മുടെ സ്ഥാനം അനന്യമാണെന്നു മനസ്സിലാക്കി ഈ കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ നമുക്ക് പരിശ്രമിക്കാം. ദുക്റാനതിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ നിങ്ങളെ ആശീർവ്വദിക്കുന്നു.

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിൽ നിന്ന് 2009-ാം ആണ്ട് മെയ് മാസം 25-ാം തീയതി നൽകപ്പെട്ടത്.

വർക്കി കാർഡിനൽ വിതയത്തിൽ
സീറോ-മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

N.B. ഈ ഇടയലേഖനം ഏറ്റവും അടുത്ത ഒരു ഞായറാഴ്ച കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

C. 15/09 **ജീസസ് ഫ്രട്ടേണിറ്റി ഞായർ സർക്കുലർ ഓഗസ്റ്റ് 9**

## ക്രിസ്തീയത: അനുതാപപ്രഘോഷണത്തിനുള്ള വിളി

മിശിഹായിൽ പ്രിയമുള്ളവരേ,

മരുഭൂമിയിൽ തനിക്കുചുറ്റും കൂടിയ ജനതയോട് ''പശ്ചാത്തപിക്കുവിൻ ദൈവരാജ്യം സമീപിച്ചിരിക്കുന്നു''(മത്താ.3:2) എന്നാണ് സ്നാപകയോഹന്നാൻ പ്രഖ്യാപിച്ചത്. പശ്ചാത്താപവും അനുരഞ്ജനവുമാണ് ക്രിസ്തുവിനെ കണ്ടെത്താനും അനുഭവിക്കാനും അനുഭവവേദ്യമാക്കാനും അവിടുത്തെ രാജ്യത്തിലേക്ക് പ്രവേശിക്കാനുമുള്ള വഴികൾ. ദൈവജനത്തിന് ക്രിസ്തുവിനെ കണ്ടെത്തുന്നതിനും ക്രിസ്തുവിന് ജനമദ്ധ്യത്തിലേയ്ക്ക് ഇറങ്ങി വരുന്നതിനുമുള്ള മാർഗ്ഗങ്ങളാണിവ. ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതിന് അനുപേക്ഷണീയമായ അനുതാപത്തെക്കുറിച്ച് പ്രഘോഷിക്കുവാനായിരുന്നു യോഹന്നാന്റെ വിളി.

കാരുണ്യവാനും ദയാപരനുമായ ദൈവവും കുരിശിലെ തന്റെ സഹനമരണങ്ങളിലൂടെ മാനവകുലത്തെ മോചിപ്പിച്ച ക്രിസ്തുവും പാപത്തിന്റെ പടുകുഴിയിലേക്ക് പതിക്കാനുള്ള മാനുഷിക ദൗർബല്യത്തെയാണ് ഓർമ്മിപ്പിക്കുന്നത്. പാപത്തിലേയ്ക്കുള്ളചായ്‌വിന്റെ തീവ്രത അനുസരിച്ച് ഓരോരുത്തരും പശ്ചാത്തപിക്കുകയും അനുരഞ്ജനപ്പെടുകയും ചെയ്യേണ്ടതുണ്ടെന്ന് അതിലൂടെ ആവർത്തിച്ചുറപ്പിക്കപ്പെടുന്നു. ചിലരെ സംബന്ധിച്ചിടത്തോളം പശ്ചാത്താപവും അനുരഞ്ജനവും അത്യന്താപേക്ഷിതമാണ്. ഈ ഭൂമിയിൽ ജീവിക്കുന്നവരെന്ന നിലയിൽ നാമെല്ലാവരും ലഘുവോ ഗുരുതരമോ ആയ തെറ്റുകൾക്ക് വശപ്പെട്ടുപോകുന്നുണ്ട്. അത്തരം വീഴ്ചകൾ ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്താനും സമൂഹത്തിന്റെ മുഖ്യധാരാജീവിതത്തിൽ നിന്ന് വ്യക്തി അന്യവത്ക്കരിക്കപ്പെടാനും കാരണമാകുന്നു. ഇത്തരത്തിലുള്ള വ്യക്തികളെ സമൂഹത്തോടും കുടുംബത്തോടും വീണ്ടും ഒന്നുചേർക്കുന്നതിന് അനുതാപവും അനുരഞ്ജനവും അത്യാവശ്യമാണ്.





അനുതാപം ഒരുവന്റെ മന:സാക്ഷിയെ ഉണർത്തുകയും താനാരാണ്, തന്റെ ജീവിതത്തിന്റെ അവസ്ഥയെന്താണ് എന്നിങ്ങനെയുള്ള അവബോധത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. ഈ അവബോധം തന്നെയും തന്റെ ചെയ്തികളെയും അംഗീകരിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നു. അത് പുനർനവീകരണത്തിനും മാനസാന്തരത്തിനും വഴിതെളിക്കുന്നു. വ്യക്തിയുടെ ബോധപൂർവ്വകമായ ശ്രമത്തിലൂടെ സംഭവിക്കുന്ന ഈ മാനസാന്തരം ദൈവത്തോടും അപരനോടും തന്നോടുതന്നെയുമുള്ള സ്വതന്ത്രമായ അനുരഞ്ജനത്തിന് ആവശ്യമാണ്. അപ്പോഴാണ് സമാധാനവും സന്തോഷവും ആനന്ദവും സ്നേഹവും അനുഭവിക്കുന്നതിന് സാധിക്കുക.

സമൂഹത്തിലെയും കുടുംബത്തിലെയും ഓരോ വ്യക്തിയോടും അനുതാപത്തെയും അനുരഞ്ജനത്തെയും കുറിച്ച് പ്രഘോഷിക്കാനാണ് ക്രിസ്തുശിഷ്യൻ എന്ന നിലയിൽ ഓരോ ക്രിസ്ത്യാനിയുടെയും വിളി. പിതാവ് തനിക്കു തന്നവരിൽ ആരും നഷ്ടപ്പെട്ടുപോകരുതെന്നാണ് നമ്മുടെ കർത്താവിന്റെ അഭീഷ്ടവും കല്പനയും (യോഹ.18:9). അതുകൊണ്ട് തന്നെ ക്രിസ്തുവിന്റെ മൗതികശരീരമെന്ന നിലയിൽ എല്ലാ ജനതയോടും - മാരകമായ തെറ്റുകൾമൂലം തടവറയിൽ കഴിയുന്നവരോടു പോലും - ഇതിനെക്കുറിച്ച് വിളംബരം ചെയ്യുക സഭയുടെ കടമയാണ്.

കേരളത്തിലെ എല്ലാ തടവറകളിലും അനുതാപത്തിന്റെയും അനുരഞ്ജനത്തിന്റെയും സന്ദേശം എത്തിക്കുന്നതിന് കെ.സി.ബി.സി. യുടെ ''നീതിക്കും സമാധാനത്തിനും വികസനത്തിനും വേണ്ടി'' യുള്ള കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റിയാണ്. ആഗോളസഭ ഈ വർഷം പൗരോഹിത്യവർഷമായി പ്രഖ്യാപിച്ചിരിക്കുന്നതുംകൂടി കണക്കിലെടുക്കുമ്പോൾ ഈ പ്രഘോഷണത്തിന് കൂടുതൽ പ്രാധാന്യം കൈവരുന്നു.

ചെയ്തുപോയ കുറ്റകൃത്യങ്ങളുടെ പേരിൽ ജയിൽവാസം അനുഷ്ഠിക്കുന്നവരും നമ്മിലോരോരുത്തരെയും പോലെ മനുഷ്യവ്യക്തിത്വമുള്ളവരാണെന്ന ബോധ്യമാണ്, അവരെ മാനസാന്തരത്തിലേക്കും അനുതാപത്തിലേക്കും നയിക്കാനായി ദൈവത്തിന്റെയും അവിടുത്തെ പ്രിയപുത്രന്റെയും കരുണാർദ്രമായ

സ്നേഹത്തെക്കുറിച്ചുള്ള വിളംബരം അനുപേക്ഷണീയമാക്കുന്നത്.

പ്രാർത്ഥിക്കുകയും സാമ്പത്തികമായി സഹായിക്കുകയും തടവറ സന്ദർശനം നടത്തി ഓരോ തടവുകാരനോടും അനുതപിച്ച് മാനസാന്തരപ്പെട്ട് നിത്യപുരോഹിതനായ ഈശോയെ കണ്ട്, സ്വീകരിച്ച്, അനുഭവിക്കാൻ നമ്മൾ പ്രേരിപ്പിക്കണം. അപ്രകാരം പ്രേരിപ്പിക്കുന്ന വൈദികരോടും സന്യസ്തരോടും അത്മായരോടും കൈകോർത്ത് പ്രവർത്തിക്കാൻ എല്ലാ സഭാമക്കളെയും ഞങ്ങൾ ഈയവസരത്തിൽ ആഹ്വാനം ചെയ്യുന്നു.

സഭയുടെ ഈ ദൗത്യം ഏറ്റെടുക്കുമ്പോൾ ദൈവികരാജ്യത്തിന് നമ്മൾ അവകാശികളാകും എന്നത് സുനിശ്ചിതമാണ്. കാരണം, ''ഞാൻ തടവറയിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചു'' (മത്താ.25-37) ആകയാൽ ''നിങ്ങൾക്കുവേണ്ടി സജ്ജമാക്കിയിരിക്കുന്ന എന്റെ പിതാവിന്റെ രാജ്യം സ്വന്തമാക്കുവിൻ'' (മത്താ.25-34) എന്ന് ക്രിസ്തുതന്നെ പറയുന്നുണ്ടല്ലോ.

കരുണാനിധിയും സ്നേഹസ്വരൂപനുമായ പിതാവ് തന്റെ പുത്രനിലൂടെ നിങ്ങളെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

യേശു സാഹോദര്യത്തിനുവേണ്ടി,
മാർ മാത്യു അറയ്ക്കൽ
ചെയർമാൻ, കെ.സി.ബി.സി.കമ്മീഷൻ
ഫോർ ജസ്റ്റിസ്, പീസ് ആൻഡ്
ഡെവലപ്മെന്റ്-ജീസസ് ഫ്രട്ടേണിറ്റി

കമ്മീഷൻ അംഗങ്ങൾ
റവ. ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ
റവ. തോമസ് മാർ കൂറിലോസ്

N B; 2009 ഓഗസ്റ്റ് 2-ാം തീയതി (ഞായർ) ദിവ്യബലിമദ്ധ്യേ ഈ സർക്കുലർ വായിക്കുകയും 9-ാം തീയതി 'ജീസസ് ഫ്രട്ടേണിറ്റി ഞായറാ'യി ആഘോഷിക്കുകയും കുർബാനമദ്ധ്യേ കെ.സി.ബി.സി.യുടെ തീരുമാനപ്രകാരമുള്ള പ്രത്യേക പിരിവ് എടുക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.





# രൂപതക്കച്ചേരി

## C. 54/09 *Presbyteral Council Meeting*

An ordinary meeting of the Presbyteral Council will be held on 12th August 2009 at 10.30 am at Bishop's house Karimpan. All the members are requested to participate in the meeting

## C. 55/09 *Agenda to the Presbyteral Council*

Agenda to be included in the meeting of the next Presbyteral Council should be sent to the secretary before 31st July, 2009.

## C. 56/09 യുവവൈദികരുടെ വാർഷികസെമിനാർ

നമ്മുടെ രൂപതയിൽ ജോലിചെയ്യുന്ന യുവവൈദികർക്കായി 2009 ആഗസ്റ്റ് 9, 6 p.m. മുതൽ ആഗസ്റ്റ് 11, 1 p.m.വരെ അടിമാലി ആത്മജ്യോതിയിൽവച്ച് സെമിനാർ നടത്തുന്നു. 2002 ജനുവരി 31 നു ശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും പ്രസ്തുത സെമിനാറിൽ പങ്കെടുക്കേണ്ടതാണ്.

## C. 57/09 രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവര ശേഖരണം

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന C.B.S.E Schools, Recognized Schools, Unrecognized Schools എന്നിവയുടെ താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ രൂപതാ വിദ്യാഭ്യാസ കേന്ദ്രത്തിൽ July 15-ാം തീയതിക്കകമായി അറിയിക്കേണ്ടതാണ്. രൂപതാ ഡയറക്ടറിയിൽ കൃത്യമായ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടിയാണിത്.

Name of the school, Manager, Phone
Parish
Year of establishment
Total Staff M/F
Staff Catholics M/F
Total Students M/F
Students Catholics M/F

C.58/08 **ANNUAL RETREAT FOR PRIESTS**

The list of the participants in each batch is given below. Please do not make changes from one batch to the other unless for some serious reasons. In case of change, please do it with mutual arrangement with someone in the other batch, and inform the Eparchial Curia in due time Those who seek exemption from the common retreat owing to some grave reason are to get it in writing from the Eparchial Curia .

The Rev. Fathers are to fulfill the following Mass intentions and report to the Curia before the 31st of December 2009.

1. For the priests of the Eparchy-1
2. Ad intentionem episcopi ( Stipend to be used for charitable purposes) -4
3. Ad intentionem episcopi (Stipend to be used to meet the expenses of the retreat)-5

NB: The Mass intentions in Nos. 1 and 2 are to be fulfilled by all , while those in No.3 only by those who take part in the common retreat.

The presbyters who participate in the retreat are to bring with them the Mass Account , Confession Patent and a brief report about the pastoral activities in their respective parishes .





All the faithful in the eparchy have the duty to pray for the presbyters who participate in the retreat . The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

Venue: Atmajyothi, Adimali
September 20th Sunday 7.00 pm to 25th Friday 4.00 pm
Preacher: Very Rev. Msgr. Samuel Kattukallil

V. Rev/Rev . Fathers

1. Anikottil John
2. Anikuzhikkattil Thomas
3. Arakkattu Kuriakose
4. Ariappillil Emmanuel
5. Athickal Francis
6. Chakkankal George
7. Chemmarappilly Jose
8. Cherukunnel Johnson
9. Chittadiyil Jose
10. Chittemariyil Mark
11. Chunayammackal Francis
12. Edattu Mathews
13. Irumpukuthiyil Mathew
14. Kaippanplackal Joseph
15. Kannamthadom Joseph MST
16. Karivelickal Jose
17. Karottukocharackal Mathew
18. Kattakkayam Joseph
19. Kattupalam Thomas
20. Kelamparampil Isaac CSC
21. Kizhakel Jose
22. Kochupurackal George

23. Koickakudy Joseph
24. Kollamparampil George
25. Koloth Francis
26. Kottoor Jose
27. Kumblanickal Francis OSB
28. Kunnumpuram Jose
29. Kurias Kurian
30. Malieckal Thomas
31. Maliekal Michael
32. Mattathil Varghese
33. Mattom Kuriakose
34. Mavelikkunnel Joseph
35. Mundackal John
36. Mundackal Mathew
37. Nellikunnel John
38. Niravathu George
39. Palathinkal Joseph
40. Panachikal Antony
41. Panachikal James
42. Panjikunnel Thomas
43. Pappady Joseph
44. Parackal Thomas
45. Parakkadavil James
46. Parayannilam Joseph
47. Perunnat Philip
48. Plachikal Jose
49. Poovathinkal Joseph (sr)
50. Powath Joseph
51. Purayattu Abraham
52. Puthenpurayil Thomas
53. Puthiyaparampil Zacharias
54. Puthumana Joseph
55. Puthussery Antony





56. Tharamuttom Mathew
57. Thenammackal Joseph
58. Thooompunkal Thomas
59. Thumpanirappel George
60. Thumpayilputhenpurayil Cheriyan
61. Thycheril Thomas
62. Valiaveetil George
63. Vararapilly James

## SECOND BATCH

Venue: Atmajyothi, Adimali

September 27th Sunday 7.00 pm to October 2nd Friday 4.00 pm

Preacher: Very Rev. Msgr. Samuel Kattukallil

V. Rev/Rev . Fathers

1. Alenchery Antony
2. Ampattukunnel Sebastian
3. Anikuzhikkattil Luke
4. Chakkankal James
5. Chenamchirayil John
6. Cheruparampil Mathew
7. Edattel Sebastian
8. Edavakandom Francis
9. Kadukanmackal Augustine
10. Kalappurackal Jose
11. Karottappuram Philip OFM.Conv.
12. Kavunkal Jose
13. Kochupurackal Jose
14. Kochupurackal Sebastian
15. Kollakompil Joseph
16. Kumarakathukalayil Joseph
17. Kummannooparampil Zacharias
18. Kunnappilly Augustine

19. Kuttickattu Sunny CMI
20. Kuzhipallil George
21. Mailackachalil Paul
22. Makkiyil James
23. Mangalassery James
24. Maniattu Paul
25. Maniattu Thomas
26. Mathasseril Jilson CMI
27. Melettu Sebastian
28. Mundackattu John
29. Mundunadayil Joseph
30. Narithookkil Jose
31. Nechukattu Thomas
32. Paimpallil Joseph
33. Palackamattathil James
34. Pallikunnel George
35. Pannarakunnel Sebastian
36. Parackal Joseph
37. Parackal Philip
38. Parakkadavil Joseph
39. Pathil Antony
40. Pattathekuzhy George
41. Podiparackal Kurian
42. Poovathinkal Joseph (Jr)
43. Pullan George
44. Pulparampil Joseph
45. Punnolil John
46. Puthenpura Augustine MST
47. Puthuparampil Mathew
48. Sauriamkuzhy James
49. Thachaparambathu Luke





50. Thachukunnel Joseph
51. Thadathil Mathew
52. Thannipara Jose MST
53. Thottiyil Mathew
54. Urumbil Scaria
55. Valavanal Mathew
56. Valiamangalam Thomas
57. Vattamala Thomas
58. Vazhayil Joseph
59. Velacherry Alex
60. Velinjalil Joseph
61. Velliamthadom Joseph
62. Vettickal Shinto V.C
63. Vilakkumaruthunkal Mathew

C. 59/09 **തിരുനാൾ ആശംസകൾ**

| | |
|---|---|
| റവ. ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ | ജൂലൈ 3 |
| റവ. ഫാ. തോമസ് മാളിയേക്കൽ | ” |
| റവ. ഫാ. തോമസ് മണിയാട്ട് | ” |
| റവ. ഫാ. തോമസ് നെച്ചുകാട്ട് | ” |
| റവ. ഫാ. തോമസ് പഞ്ഞിക്കുന്നേൽ | ” |
| റവ. ഫാ. തോമസ് വട്ടമല | ” |
| റവ. ഫാ. തോമസ് തൈച്ചേരിൽ | ” |
| റവ. ഫാ. തോമസ് പുത്തൻപുരയിൽ | ” |
| റവ. ഫാ. തോമസ് പാറയ്ക്കൽ | ” |
| റവ. ഫാ. തോമസ് തൂമ്പുങ്കൽ | ” |
| റവ. ഫാ. തോമസ് വലിയമംഗലം | ” |
| റവ. ഫാ. തോമസ് കാട്ടുപാലം | ” |
| റവ. ഫാ. കുര്യാക്കോസ് മറ്റം | ജൂലൈ 15 |
| റവ. ഫാ. കുര്യാക്കോസ് ആറക്കാട്ട് | ” |
| റവ. ഫാ. കുര്യൻ പൊടിപാറയ്ക്കൽ | ” |

| | |
|---|---|
| റവ. ഫാ. ജയിംസ് മംഗലശ്ശേരിൽ | ജൂലൈ 25 |
| റവ. ഫാ. ജയിംസ് പാലക്കാമറ്റത്തിൽ | ” |
| റവ. ഫാ. ജയിംസ് പനച്ചിക്കൽ | ” |
| റവ. ഫാ. ജയിംസ് പാറക്കടവിൽ | ” |
| റവ. ഫാ. ജയിംസ് പുന്നപ്ലാക്കൽ | ” |
| റവ. ഫാ. ജയിംസ് ശൗര്യാംകുഴി | ” |
| റവ. ഫാ. ജയിംസ് വരാരപ്പള്ളി | ” |
| റവ. ഫാ. ജയിംസ് ചക്കാങ്കൽ | ” |
| റവ. ഫാ. ജയിംസ് മാക്കിയിൽ | ” |

## ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം

### CJ 41/09 വാർഷിക റിപ്പോർട്ടും വിശ്വാസപരിശീലകരുടെയും വിദ്യാർത്ഥികളുടെയും വിവരങ്ങളും

2008-2009 പ്രവർത്തന വർഷത്തെ റിപ്പോർട്ടും, വിശ്വാസപരിശീലകരുടെ സേവനകാലവും, ഈ വർഷത്തെ വിശ്വാസ പരിശീലകരുടെ പേരുവിവരങ്ങളും, വിദ്യാർത്ഥികളുടെ എണ്ണവും ഓരോ ക്ലാസ്സുകളിലേക്കും വേണ്ട ചോദ്യപേപ്പറുകളുടെ എണ്ണവും ഹെഡ്മാസ്റ്റർമാരുടെ അഡ്രസും, ഫോൺനമ്പറും, നിശ്ചിതഫാറങ്ങളിൽ പൂരിപ്പിച്ച് 2009 ജൂലൈ 19-ാം തീയതിക്കു മുൻപായി ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്.

### CJ. 42/09 സൺഡേസ്കൂൾ ബാഗ്

സൺഡേസ്കൂൾ കുട്ടികൾക്കായി രൂപതാ കേന്ദ്രത്തിൽ നിന്നും മുൻവർഷത്തേതുപോലെ ബാഗ് തയ്യാറാക്കിയിട്ടുണ്ട്. ബാഗ് ആവശ്യമുള്ള സൺഡേസ്കൂളുകൾ അതിനായുള്ള ഓർഡർ





ക്രിസ്തുജ്യോതി ഓഫീസിൽ അറിയിക്കേണ്ടതാണ്. ബാഗിന് 25/- രൂപാ നിരക്കിലാണ് വില നല്കേണ്ടത്.

### CJ. 43/09 പത്താം അഖിലകേരളലോഗോസ് ക്വിസ്-2009

സ്നേഹ ബഹു. വികാരിയച്ചാ / ഹെഡ്മാസ്റ്റർ / വിശ്വാസപരിശീലകർ,

ദൈവവചനത്തോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും തിരുവചനം ഇടവകയിലും വ്യക്തിജീവിതത്തിലും കൂടുതൽ അർത്ഥപൂർണ്ണമായി മാറുന്നതിനും ഉതകുന്ന കർമ്മപരിപാടികൾ നാം ആവിഷ്ക്കരിച്ചിരിക്കുകയാണല്ലോ, ഇതിന്റെ ഭാഗമായി ലോഗോസ് ക്വിസ് 2009 ഏറ്റവും ഫലപ്രദമായി നടത്തുവാൻ നാമേവരും പരിശ്രമിക്കേണ്ടതാണ്.

#### പ്രായോഗിക നിർദ്ദേശങ്ങൾ

1. 4-ാം ക്ലാസ്സും അതിനുമുകളിലുമുള്ള എല്ലാ സൺഡേസ്കൂൾ വിദ്യാർത്ഥികളും, അവരുടെ അദ്ധ്യാപകരും, കഴിയുന്നത്ര അവരുടെ മാതാപിതാക്കളും ഈ ക്വിസിൽ പങ്കെടുക്കുക.
2. കുടുംബകൂട്ടായ്മകളെ കൂടുതൽ സജ്ജീവമാക്കികൊണ്ട് ലോഗോസ് ക്വിസ് പാഠഭാഗത്തുനിന്നും എല്ലാ മാസവും ക്വിസ് മത്സരം നടത്തുകയും അവരെ ലോഗോസ് ക്വിസിൽ പങ്കെടുപ്പിക്കുകയും ചെയ്യുക. ഓരോ കൂട്ടായ്മയിൽ നിന്നും കഴിയുന്നത്ര ആളുകൾ പങ്കെടുക്കുവാൻ ശ്രദ്ധിക്കണം.
3. ലോഗോസ് ക്വിസിൽ പങ്കെടുക്കുന്നവർ ബൈബിൾ ഭാഗം ശ്രദ്ധാപൂർവ്വം പഠിക്കുന്നുവെന്നുറപ്പുവരുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.
4. സൺഡേ സ്കൂൾ ആനിമേറ്റേഴ്സിന്റെ ഉത്തരവാദിത്വത്തിൽ കുട്ടികളേയും അവരുടെ മാതാപിതാക്കളെയും ലോഗോസ് ക്വിസിൽ ചേർക്കണം. അവർക്ക് പരിശീലനം നൽകുകയും വേണം.

#### സമ്മാനങ്ങൾ

1. 60% ത്തിൽ അധികം ആളുകൾ പങ്കെടുക്കുന്ന ഇടവകകൾക്ക് ട്രോഫി.

2. രൂപതാതലത്തിൽ ഏറ്റവും അധികം ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് ട്രോഫി.

3. ഇടവകാംഗങ്ങളുടെ എണ്ണത്തിനാനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്ന ഇടവകയ്ക്ക് പ്രത്യേക സമ്മാനങ്ങൾ.

4. ഏറ്റവും നല്ല പെർഫോർമൻസ് കാഴ്ചവയ്ക്കുന്ന ഇടവകയ്ക്ക് പ്രത്യേക സമ്മാനം.

5. മികച്ച ലോഗോസ് ഫാമിലിയുടെ തെരഞ്ഞെടുപ്പ് മാതാപിതാക്കളും കുട്ടികളും (ഒരു വീട്ടിലെ എല്ലാ അംഗങ്ങളും / പിതാവ്, മാതാവ്, 2 കുട്ടികൾ) ഒരുമിച്ചു വചനം പഠിക്കുവാനും, ക്വിസിൽ പങ്കെടുക്കുവാനുമുള്ള സുവർണ്ണാവസരം.

(രജിസ്ട്രേഷൻ ഫോമിൽ പേരിനോട് ചേർത്ത് L.F. എന്നു ചേർത്താൽ മതി.)

6. ഇടവകതലത്തിൽ നേതൃത്വം കൊടുക്കുന്ന വ്യക്തിക്ക് രൂപതാതല സമ്മാനം.

7. ഏറ്റവും നന്നായി വർക്കു ചെയ്യുന്ന ( പങ്കാളിത്തം + മാർക്ക്) ക്ലാസ്സിന്റെ ടീച്ചർക്ക് പ്രത്യേക സമ്മാനം.

8. സംസ്ഥാനതലത്തിൽ വരെ മത്സരിക്കുവാൻ സാധ്യതയുള്ളവർക്ക് പ്രത്യേക പരിശീലനം സൺഡേ സ്കൂൾ ആനിമേറ്റേഴ്സ് നൽകേണ്ടതാണ്.

9. C,D,E വിഭാഗത്തിൽ, കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ഇടവകയ്ക്ക് സമ്മാനം.

10. ഇടവക തലത്തിൽ നിരവധി പ്രോത്സാഹന സമ്മാനങ്ങൾ.

11. ലോഗോസ് ക്വിസിൽ ഏറ്റവും നന്നായി പെർഫോം ചെയ്യുന്ന സന്യാസിനി സമൂഹത്തിന് പ്രത്യേക സമ്മാനം.

ബൈബിൾ വായിച്ചു പഠിക്കുവാനുള്ള ഒരു ആഭിമുഖ്യം നമ്മുടെ രൂപതയിൽ കൂടുതൽ വളർത്തുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.





## പത്താം അഖിലകേരള ലോഗോസ്ക്വിസ് മത്സരത്തിലേക്ക് സ്വാഗതം.

**ലോഗോസ് ക്വിസ് – 2009**

പഠനഭാഗം : ഉത്പത്തി 27–50 അദ്ധ്യായങ്ങളും ഫിലിപ്പിയർക്ക് എഴുതിയ ലേഖനവും.

രൂപതാതല പരീക്ഷാ തീയതി : 2009 ഒക്ടോബർ 11 ഞായർ 2 p.m– 3.30 p.m വരെ.

പങ്കെടുക്കുന്നവരെ A,B,C,D,E എന്നീ അഞ്ച് പ്രായവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

A. വിഭാഗം : 01.01.1998 നു ശേഷം ജനിച്ചവർ

B വിഭാഗം : 01.01.1993 നും 31.12.1997 നും ഇടയ്ക്ക് ജനിച്ചവർ

C വിഭാഗം : 01.01.1978 നും 31.12.1992 നും ഇടയ്ക്ക് ജനിച്ചവർ

D വിഭാഗം : 01.01.1958 നും 31.12.1977 നും ഇടയ്ക്ക് ജനിച്ചവർ

E വിഭാഗം : 31.12.1957 നു മുമ്പ് ജനിച്ചവർ

| | | |
|---|---|---|
| രജിസ്ട്രേഷൻ ആരംഭിക്കുന്നത് | : | 2009 ജൂൺ 1 |
| രജിസ്ട്രേഷൻ അവസാനിക്കുന്നത് | : | 2009 ജൂലൈ 31 |
| സംസ്ഥാനതല പരീക്ഷാതീയതി | : | 2009 നവംബർ 22 |

സംസ്ഥാന തലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും.

പഠിക്കുന്ന ക്ലാസ്സിന്റെ അടിസ്ഥാനത്തിൽ ഒരു കാരണത്താലും കുട്ടികളെ കാറ്റഗറി തിരിക്കരുത്. ജനനതീയതി അനുസരിച്ചു മാത്രമേ ഓരോ വിഭാഗത്തിലും ഉൾക്കൊള്ളിക്കാവൂ. 2009 ജൂലൈ 31-ാം തീയതിയ്ക്കകമായി മത്സരാർത്ഥികളുടെ ലിസ്റ്റും രജിസ്ട്രേഷൻ ഫീസും നിർബന്ധമായും ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്.

* രജി.ഫീ. 10/-രൂപ
* രജിസ്ട്രേഷൻ ഷീറ്റ് പൂരിപ്പിക്കുമ്പോൾ ഒരു ഷീറ്റിൽതന്നെ പല കാറ്റഗറി ഉൾപ്പെടുത്തരുത്, ഓരോ വിഭാഗവും വെവ്വേറെ ഷീറ്റുകളിൽ പൂരിപ്പിക്കേണ്ടതാണ്. ഷീറ്റ് തികയാതെ വരികയാണെങ്കിൽ ഫോട്ടോ കോപ്പിഎടുക്കേണ്ടതാണ്. ലോഗോസ് ക്വിസ് 2009 ന് എല്ലാ

വരുടെയും ആത്മാർത്ഥമായ സഹകരണം ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

**CJ. 44/09 ഇടവകവിഹിതം**

2009-2010 പ്രവർത്തന വർഷത്തിൽ കുട്ടികളിൽ നിന്നുമുള്ള ഇടവകവിഹിതം (പരീക്ഷാഫീസ്) വർഷാരംഭത്തിൽ തന്നെ കളക്ട് ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. മുൻവർഷത്തെ മുഴുവൻ തുകയും ഏല്പിച്ചിട്ടില്ലാത്ത സൺഡേസ്കൂളുകളും ഇനിയും തുക തന്നിട്ടില്ലാത്ത സൺഡേസ്കൂളുകളും നിർബന്ധമായും രൂപതാ കേന്ദ്രത്തിൽ അത് ഏല്പ്പിക്കേണ്ടതാണ്. ഒരു വർഷം ഒരു കുട്ടിക്ക് 10/-രൂപാ നിരക്കിലാണ് ഇടവകവിഹിതം നല്കേണ്ടത്.

**CJ. 45/09 പാഠപുസ്തകങ്ങൾ**

സൺഡേസ്കൂൾ, റഗുലർസ്കൂൾ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ വാങ്ങാത്ത ഇടവകകളും സ്കൂളുകളും ഉണ്ടെങ്കിൽ ഈ പുസ്തകങ്ങൾ എത്രയും വേഗം വാങ്ങണമെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ജൂൺ മാസം 30-ാം തീയതിക്കുശേഷം പുസ്തകങ്ങൾക്ക് കമ്മീഷൻ വ്യവസ്ഥ ഉണ്ടായിരിക്കുന്നതല്ല.

**CJ. 46/09 ഒന്നാം ടേം പരീക്ഷ**

സൺഡേ സ്കൂൾ കുട്ടികളുടെ ഒന്നാം ടേം പരീക്ഷ സെപ്തംബർ 20-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

## സോഷ്യൽ സർവീസസ്

**SS 46/09 ക്രെഡിറ്റ് യൂണിയൻ മേഖലാ സമ്മേളനങ്ങൾ**

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ മേഖലാ സമ്മേളനങ്ങൾ ജൂൺ 6,20 തീയതികളിൽ നടന്നു. അടിമാലി, രാജാക്കാട് മേഖലാ സമ്മേളനം ജൂൺ 6-ന് അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് ആത്മജ്യോതി അസി. ഡയറക്ടർ റവ. ഫാ. ജോസഫ് പറയന്നിലം ഉദ്ഘാടനം ചെയ്തു. വിവിധ യൂണിറ്റുകളിൽ നിന്നായി





162 പ്രതിനിധികൾ പങ്കെടുത്തു. നെടുംങ്കണ്ടം, ഇരട്ടയാർ മേഖലാ സമ്മേളനം ജൂൺ 20-ാം തീയതി ഇരട്ടയാർ സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് ഇരട്ടയാർ ഫൊറോന വികാരി റവ. ഫാ. ജോസ് കോട്ടൂർ ഉദ്ഘാടനം ചെയ്തു. മേഖലയിലെ ക്രെഡിറ്റ് യൂണിയനുകളിൽ നിന്ന് 186 ഭാരവാഹികൾ പങ്കെടുത്തു. മേഖലാ സമ്മേളനം വൻ വിജയമാക്കിയ എല്ലാവർക്കും പ്രത്യേകം നന്ദി.

ഇടുക്കി, വാഴത്തോപ്പ്, മുരിക്കാശ്ശേരി മേഖലകളുടെ സംയുക്ത സമ്മേളനം ജൂലൈ 18-ാം തീയതി കരിമ്പൻ മണിപ്പാറ സ്കൂളിൽ വച്ച് നടത്തപ്പെടും. ഈ മേഖലകളിലുള്ള എല്ലാ ക്രെഡിറ്റ് യൂണിയൻ ഭാരവാഹികളും സ്വാശ്രയ സംഘം ഭാരവാഹികളും നിർബന്ധമായും സമ്മേളനത്തിൽ പങ്കെടുക്കണം.

**SS 47/09 HDS - SMCA ഭവന നിർമ്മാണ പദ്ധതി**

സീറോ മലബാർ കൾച്ചറൽ അസോസിയേഷൻ കുവൈറ്റ് എന്ന സംഘടനയുമായി സഹകരിച്ച് HDS ഈ വർഷവും ഒരു ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നു. HDS ൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളിലെ അംഗങ്ങളെ മാത്രമെ ഈ ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കാവൂ. ഈ പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം കരിമ്പൻ മേഖലാ സമ്മേളനത്തിൽ വച്ച് നടത്തപ്പെടും. വിശദവിവരങ്ങളടങ്ങിയ സർക്കുലറും അപേക്ഷാ ഫാറവും എല്ലാ യൂണിറ്റുകളിലേക്കും അയച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുവിവരം ജൂലൈ 5-ാം തീയതിക്കകം HDS ഓഫീസിൽ അറിയിക്കണം.

**SS 48/09 ഗിരിജ്യോതി സ്കൂൾ പ്രവേശനോത്സവം**

മറയൂർ കൂടക്കാട്ടുകുടി ഗിരിജ്യോതി സ്കൂളിലെ 2009-2010 അദ്ധ്യയനവർഷത്തെ പ്രവേശനോത്സവം ജൂൺ മാസം 3-ാം തീയതി നടത്തി. ആറ് വർഷക്കാലം സ്കൂൾ മാനേജരായും ക്രെഡിറ്റ് യൂണിയൻ രക്ഷാധികാരിയായും സേവനം ചെയ്തതിന് ശേഷം പാലക്കാടിന് സ്ഥലം മാറിപോകുന്ന സി. ലിൻഡാ പോൾ D.M ന് യാത്രയയപ്പും നല്കി. കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സഹായത്തോടെ സ്കൂളിൽ പഠിക്കുന്ന മുഴുവൻ കുട്ടി

കൾക്കും നൽകുന്ന കുട വിതരണത്തിന്റെ ഉദ്ഘാടനം HDS ഡയറക്ടർ നിർവ്വഹിച്ചു.

**SS 49/09 കൊക്കൊ തൈ വിതരണം നടത്തി**

HDS ന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളുടെ ഭാഗമായി 35000 ത്തോളം അത്യുൽപാദന ശേഷിയുള്ള കൊക്കൊ തൈകൾ വിവിധ യൂണിറ്റുകളിലായി വിതരണം നടത്തി.

**SS 50/09 സോളാർ വിളക്കുകൾ**

സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന സോളാർ വിളക്കുകൾ 160 എണ്ണം വിതരണം നടത്തി. ഇനിയും ആവശ്യമുള്ളവർ HDS ഓഫീസുമായി ബന്ധപ്പെടുമല്ലോ.

**SS 51/09 നഴ്സിംഗ് സ്കോളർഷിപ്പ്**

കണ്ടോത്ത് ഫൗണ്ടേഷനുമായി സഹകരിച്ച് ഈ വർഷവും നമ്മുടെ സ്വാശ്രയ സംഘാംഗങ്ങളുടെ കുട്ടികൾക്കായി നേഴ്സിംഗ് പഠനത്തിന് സ്കോളർഷിപ്പ് നൽകുന്നു. ആദ്യം പേര് നൽകുന്ന 35 കുട്ടികളെയാണ് ഇതിനായി തിരഞ്ഞെടുക്കുന്നത്. നമ്മുടെ യൂണിറ്റുകളിൽ നഴ്സിംഗ് പഠനം നടത്തുവാനാഗ്രഹമുള്ള കുട്ടികളുടെ പേരു വിവരം കഴിവതും വേഗം HDS ഓഫീസിൽ എത്തിക്കുമല്ലോ.

**SS 52/09 TAC മീറ്റിംഗ്**

IDIA Project -ന്റെ ഭാഗമായി രൂപീകരിച്ചിരിക്കുന്ന വിവിധ ട്രസ്റ്റ് ഏരിയാ കമ്മിറ്റികളുടെ യോഗം ഇന്ന് ജൂലൈ മാസം 21-ാം തീയതി കൂടുന്നതാണ്. എല്ലാ കമ്മിറ്റി അംഗങ്ങളും പ്രസ്തുത യോഗത്തിൽ പങ്കെടുക്കണം.

**SS 53/09 CDC മീറ്റിംഗ്**

നമ്മുടെ രൂപതയുടെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിനും ഏകോപനത്തിനും വേണ്ടി IDIA Project ന്റെ ഭാഗമായി രൂപീകരിച്ചിരിക്കുന്ന കോർ ഡവലപ്മെന്റ് സെല്ലിന്റെ മീറ്റിംഗ് ജൂലൈ 30-ാം തീയതി കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് സമ്മേളിക്കുന്നു. അഭിവന്ദ്യ പിതാവ്, KSS ഫോറം ഡയറക്ടർ, കാരിത്താസ് ഇൻഡ്യ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും. എല്ലാ CDC അംഗങ്ങളും കൃത്യ സമയത്ത് സമ്മേളനത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണേ.





## ചെറുപുഷ്പ മിഷൻ ലീഗ്

**CML 52/09 വി. തോമാശ്ലീഹായുടെ തിരുനാൾ**

ഭാരതത്തിന്റെ അപ്പസ്തോലനും, മിഷൻലീഗിന്റെ സഹമദ്ധ്യസ്ഥനുമായ വി. തോമാശ്ലീഹായുടെ തിരുനാൾ ദിവസമായ ജൂലൈ 3-ാം തീയതി ശാഖകളിൽ അസാധാരണ സമ്മേളനവും, ദിവ്യകാരുണ്യ സ്വീകരണവും, അംഗത്വ സ്വീകരണവും നടത്തുവാൻ ശ്രദ്ധിക്കുക.

**CML 53/09 പ്രവർത്തന ഫണ്ട്**

മിഷൻലീഗിന്റെ പ്രവർത്തനത്തിനുള്ള രണ്ട് രൂപാ കളക്ഷൻ ജൂലൈ മാസം 5-ാം തീയതി ഞായറാഴ്ച ശാഖകളിൽ സ്വരൂപിക്കുവാൻ ശ്രദ്ധിക്കുക.

**CML 54/09 രൂപതാ മാനേജിംഗ് കമ്മറ്റി**

2009-2010 വർഷത്തെ രൂപതാ കൗൺസിലിന്റെ മുന്നോടിയായുള്ള രൂപതാ മാനേജിംഗ് കമ്മറ്റി 2009 ജൂലൈ മാസം 10-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക് മുരിക്കാശ്ശേരി പാരീഷ് ഹാളിൽ വച്ച് രൂപതാ പ്രസിഡന്റ് നോബിൾ മാത്യു വലിയമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. എല്ലാ രൂപതാ മേഖലാ ഭാരവാഹികളും പ്രസ്തുത കമ്മറ്റിയിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

**CML 55/09 രൂപതാ കൗൺസിൽ**

2009-2010 വർഷത്തെ രൂപതാ കൗൺസിലും 2008-2009 വർഷത്തെ രൂപതാ വാർഷികവും 2009-2010 വർഷത്തെ രൂപതാതല ഉദ്ഘാടനവും, 2008-2009 വർഷത്തെ ബെസ്റ്റ് ശാഖ, ബെസ്റ്റ് മേഖല, കൈയെഴുത്ത് മാസിക എന്നിവയ്ക്കുള്ള ട്രോഫിയും, സർട്ടിഫിക്കറ്റും, കഴിഞ്ഞ വർഷത്തെ SSLC, +2 പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ മിഷൻലീഗ് അംഗങ്ങൾക്കുള്ള അവാർഡും, 2006-2009 വർഷത്തെ മിഷൻലീഗ് രൂപതാ ഭാരവാഹികൾക്കുള്ള മെമന്റോ വിതരണവും രൂപതാ പ്രസിഡന്റ് നോബിൾ

വലിയമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് ഇടുക്കി രൂപതാ വികാരി ജനറാൾ മോൺസി. മാത്യു തൊട്ടിയിൽ നിർവ്വഹിക്കുന്നതാണ്. 2009 ജൂലൈ മാസം 11-ാം തീയതി രാവിലെ 9 മണിക്ക് മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ചാപ്പലിൽ വി.കുർബ്ബാനയ്ക്കു ശേഷം 9.45 ന് പതാക ഉയർത്തുന്നതും അതിനുശേഷം 10 മണിക്ക് മുരിക്കാശ്ശേരി പാരീഷ് ഹാളിൽ വച്ച് ചേരുന്ന കൗൺസിലിന് രൂപതാ ഡയറക്ടർ ഫാ. കുര്യൻ കുര്യാസ് സ്വാഗതം ആശംസിക്കുന്നതാണ്. എല്ലാ ശാഖാ,മേഖലാ, രൂപതാ ഭാരവാഹികളും, ഡയറക്ടറച്ചന്മാരും, മോഡറേറ്റർ സിസ്റ്റർമാരും പ്രസ്തുത കൗൺസിലിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**CML 56/09 ട്രോഫി**

കഴിഞ്ഞ വർഷത്തെ ബെസ്റ്റ് ശാഖ, മേഖല കൈയെഴുത്ത് മാസിക എന്നിവയുടെ ട്രോഫികൾ വാങ്ങിയവർ 2009 ജൂലൈ 10 ന് മുമ്പ് ട്രോഫികൾ തിരികെ ഏൽപ്പിക്കേണ്ടതാണ്.

**CML 57/09 വി. അൽഫോൻസാമ്മയുടെ തിരുനാൾ**

വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനമായ ജൂലൈ 28 -ാം തീയതി ശാഖകളിൽ അസാധാരണ സമ്മേളനവും, ദിവ്യകാരുണ്യ സ്വീകരണവും നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

**CML 58/09 പൗരോഹിത്യ വർഷം**

സാർവ്വത്രിക സഭ 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെ പൗരോഹിത്യ വർഷമായി ആചരിക്കുന്ന ഈ വർഷത്തിൽ ശാഖകളിലും മേഖലകളിലും വൈദികർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനയും, ആരാധനയും, ഉപവാസവും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

**CML 59/09 ജോ. ഡയറക്ടേഴ്സ് മീറ്റ്**

2009-2010 വർഷത്തെ പ്രഥമ രൂപതാ ജോ. ഡയറക്ടേഴ്സ് മീറ്റ് 2009 ജൂൺ മാസം 6-ാം തീയതി ശനിയാഴ്ച 10 മണിക്ക് രൂപതാ പ്രസിഡന്റ് ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ. പി.സി. അബ്രാഹം പല്ലാട്ടുകുന്നേൽ ഉദ്ഘാടനം ചെയ്തു. മിഷൻലീഗ് പ്രവർത്തന ചരിത്രത്തെക്കുറിച്ച് കുഞ്ഞേട്ടൻ ക്ലാസ്സെടുത്തു. 75 പേർ സംബന്ധിച്ചു. മിഷൻലീഗ് പ്രവർത്തനഫണ്ടിനായുള്ള സംഭാവന കൂപ്പണിന്റെ വിതരണ ഉദ്ഘാടനം ഡയറക്ടർ ഫാ.കുര്യൻ കുര്യാസ് ബ്രദർ അനൂപ് മഠത്തിശ്ശേരിക്ക് നൽകി





നിർവ്വഹിച്ചു. മിഷൻലീഗ് പുറത്തിറക്കിയിരിക്കുന്ന വിശുദ്ധരുടെ ചിത്രത്തോടുകൂടിയ നെയിംസ്ലിപ്പിന്റെ ഉദ്ഘാടനകർമ്മവും ഡയറക്ടർ നിർവ്വഹിച്ചു.

**CML 60/09 എക്സിക്യൂട്ടീവ്**

മിഷൻലീഗ് രൂപതാ എക്സിക്യൂട്ടീവ് 2009 ജൂൺ 6 ന് കരിമ്പനിലും, ജൂൺ 19 ന് മുരിക്കാശ്ശേരിയിലും പ്രസിഡന്റ് ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

**CML 61/09 മേഖല കൗൺസിൽ തെരഞ്ഞെടുപ്പ്**

മിഷൻലീഗ് മേഖലാ കൗൺസിലും, തെരഞ്ഞെടുപ്പും നടത്തി. ജൂൺ 18 ന് വാഴത്തോപ്പ്, മുരിക്കാശ്ശേരി, പൊട്ടൻകാട്, വെള്ളയാംകുടി, അടിമാലി, തങ്കമണി എന്നീ മേഖലകളിലും, ജൂൺ 14 ന് നെടുങ്കണ്ടം, ഇരട്ടയാർ, ചുരുളി, പാറത്തോട്, കല്ലാർകുട്ടി, രാജാക്കാട് എന്നീ മേഖലകളിലും നടത്തി.

മേഖലാ തെരഞ്ഞെടുപ്പിന് രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

**CML 62/09 രൂപതാ മാനേജിംഗ് കമ്മറ്റി**

മിഷൻലീഗ് രൂപതാ മാനേജിംഗ് കമ്മറ്റി 2009 ജൂൺ മാസം 19 -ാം തീയതി വൈകിട്ട് 6 മണിക്ക് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് പ്രസിഡന്റ് ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടി. മുരിക്കാശ്ശേരി മേഖല ഡയറക്ടർ ഫാ. എമ്മാനുവേൽ ആര്യപ്പള്ളി ഉദ്ഘാടനം ചെയ്തു. ഫാ. അഗസ്റ്റ്യൻ കുന്നപ്പിള്ളി, ഫാ. ഷിന്റോ വെട്ടിക്കൽ എന്നിവർ ആശംസകൾ നേർന്നു. ശ്രീ. ബിനോയി മഠത്തിൽ നേതൃത്വത്തെക്കുറിച്ച് 1 മണിക്കൂർ ക്ലാസ്സെടുത്തു. 80 പേർ സംബന്ധിച്ചു. ഡയറക്ടർ ഫാ. കുര്യൻ കുര്യാസ് സ്വാഗതവും മനോജ് പതിയിൽ നന്ദിയും രേഖപ്പെടുത്തി.

**CML 63/09 മേഖലാ ജോ. ഡയറക്ടേഴ്സ് സമ്മേളനം**

മിഷൻലീഗ് മേഖലാ ജോ. ഡയറക്ടേഴ്സ് സമ്മേളനം 2009 ജൂൺ മാസം 18-ാം തീയതി മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് പ്രസിഡന്റ് ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

**CML 64/09 രൂപതാ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെ 2009-2012 വർഷത്തേയ്ക്കുള്ള രൂപതാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 2009 ജൂൺ മാസം 19-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 8 മണിക്ക് തെരഞ്ഞെടുപ്പ് റിട്ടേണിങ്ങ് ഓഫീസറും, സംസ്ഥാന പ്രസിഡന്റു

മായ ശ്രീ. ബിനോയി പള്ളിപ്പറമ്പിലിന്റെ നേതൃത്വത്തിൽ നടത്തി.

**CML 65/09 2009–2012 വർഷത്തേക്കുള്ള ഭാരവാഹികൾ**

പ്രസിഡന്റ് - നോബിൾ മാത്യു വലിയമറ്റത്തിൽ,തോപ്രാംകുടി
വൈസ് പ്രസിഡന്റ് - ശീതൾ മഞ്ചിയിൽ, തട്ടേക്കണ്ണി
സെക്രട്ടറി - ബാബു പൊന്നോത്ത്, പൊൻമുടി
ജോ.സെക്രട്ടറി - മരിയ മൈക്കിൾ, കാഞ്ഞിരമറ്റം, മുരിക്കാശ്ശേരി
ഓർഗനൈസർ - ജെറി അലോഷ്യസ്, ഓരത്തേൽ, മുതിരപ്പുഴ

**റീജിയണൽ ഓർഗനൈസേഴ്സ്**

ഇരട്ടയാർ - ജയിൻ ജോസഫ്, വലിയകുളത്തിൽ, കട്ടപ്പന
വാഴത്തോപ്പ് - ബിനോയി ജോസഫ്, ചെമ്മരപ്പിള്ളിൽ, ഉദയഗിരി
പാറത്തോട് - ജിലു മാത്യു, ചാലിൽ, പനംകൂട്ടി
അടിമാലി - ബോബിൻ ജോസഫ്, മുതുകുളത്ത്, ജോസ്ഗിരി

**എ.കെ.എം.സി**

ജോജി ജോസഫ്, പൊന്നത്താനത്ത്, എഴുകുംവയൽ
ചാൾസ് കെ.മാത്യു, കൈതയ്ക്കൽ, കരിമ്പൻ
സി. ജാസ്മിൻ S.A.B.S ചുരുളി

**CML 66/09 എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ**

ബെന്നി ജോസഫ്, മൂക്കിലിക്കാട്ട്, ഉദയഗിരി
മജീഷ് മാത്യു, ആച്ചിയ്ക്കൽ, വെള്ളത്തൂവൽ
ജെസൺ സണ്ണി, മണിമലക്കുന്നേൽ ഇരട്ടയാർ
അതുല്യ ദേവസ്യ, പന്തപ്ലക്കാട്ടിൽ, വെള്ളയാംകുടി

**ഓഡിറ്റേഴ്സ്**

ബിബിൻ കുര്യൻ, പുതിയേടത്ത്കുഴിയിൽ, തൊവരയാർ
എബിൻ ജോസഫ്, മേനംതുണ്ടത്തിൽ, ഇടിഞ്ഞമല

**CML 67/09 അറിയിപ്പ്**

ആഗോളകത്തോലിക്ക സഭ ഈ വർഷം വൈദികവർഷമായി ആചരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. വൈദികരുടെ മദ്ധ്യസ്ഥനായ വി. വിയാനിയുടെ പടവും, വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥനയും കൂട്ടിച്ചേർത്ത പ്രാർത്ഥനാ കാർഡുകൾ ആവശ്യമുള്ള ഇടവകകൾ മിഷൻലീഗ് ഡയറക്ടറുമായോ ഓഫീസുമായോ ബന്ധപ്പെടുക. ഒരു കാർഡിന് 75 പൈസ നിരക്കിൽ ആയിരിക്കും പ്രാത്ഥനാ കാർഡുകൾ ലഭ്യമാവുക.





## കെ.സി.എസ്.എൽ.

KCSL27/09

K.C.S.L ന്റെ 2009 പ്രവർത്തന വർഷത്തെ സംസ്ഥാന ആനിമേറ്റേഴ്സ് സംഗമവും, അർഹരായവരുടെ അവാർഡുദാനച്ചടങ്ങും ജൂൺ 12–13 തീയതികളിലായി പാലാരിവട്ടത്ത് K.C.B.C പാസ്റ്ററൽ ഓറിയന്റെഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. സംസ്ഥാന ഡയറക്ടർ ഫാ.ജോൺ പുലിശ്ശേരി ഏവർക്കും ആശംസകൾ നേർന്നു. K.C.B.C വക്താവ് ഡോ. സ്റ്റീഫൻ ആലത്തറ ആനിമേറ്റേഴ്സിന്റെ പ്രാധാന്യത്തെക്കുറിച്ചും, പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കേണ്ടതിനെക്കുറിച്ചും എല്ലാവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകി.

K.C.S.L. ന്റെ സെൻട്രൽ കൗൺസിൽ ഈവർഷം തെരഞ്ഞെടുത്തത് ''മാധ്യമങ്ങൾ സമൂഹ നന്മയ്ക്ക് '' എന്ന വിഷയമാണ്. മാധ്യമങ്ങളെ കൂടുതൽ അറിയുവാനും ശരിയായ ജീവിത വീക്ഷണം നേടുന്നതിനുമർഹമായ രീതിയിൽ "മാധ്യമ തലമുറയുടെ മാർഗ്ഗദർശി'' എന്ന പുസ്തകം തയ്യാറാക്കിയ ബഹു. ഫ്രാൻസീസ് കാരക്കാട്ട് SDB ആനിമേറ്റേഴ്സിന് മാധ്യമത്തെ ഒരാൾ എങ്ങനെ വിലയിരുത്തണമെന്നും മനസ്സിലാക്കണമെന്നും പ്രായോഗിക മാർഗ്ഗനിർദ്ദേശവും നൽകി.

**KCSL28/09 ഇടുക്കി രൂപതാ ആനിമേറ്റേഴ്സ് മീറ്റ്**

ഇടുക്കി രൂപതയിലെ ആനിമേറ്റേഴ്സ് മീറ്റ് ജൂൺ 27 രാവിലെ പത്തുമണിക്ക് വാഴത്തോപ്പ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെടും. K.C.S.L രൂപതാ പ്രസിഡന്റ് സി.പി ജോർജ് സാറിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ പെരിയ ബഹു. മോൺ. മാത്യു തൊട്ടിയിൽ ഉദ്ഘാടനം നിർവ്വഹിക്കും. രൂപതാ വിദ്യാഭ്യാസ ഡയറക്ടർ ഫാ.ജോസ് കരിവേലിക്കൽ അനുഗ്രഹ പ്രഭാഷണം നടത്തും.

## കെ.സി.വൈ.എം.

**KCYM 76/09 യാത്രയയപ്പ് നൽകി**

കരിമ്പൻ സെന്റ്. തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് മെയ് 27-ാം തീയതി മൂന്നു വർഷം കെ.സി.വൈ.എം നെ നയിച്ച മാത്യു അരീപ്ലാക്കലച്ചന് യാത്രയയപ്പ് നൽകി. പ്രസ്തുത യോഗത്തിൽ ഇടുക്കി രൂപതാ മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.

**KCYM 77/09 കനൽ– സ്മരണിക പ്രകാശനം നടത്തി**

K.C.Y.M എന്ന ധാർമ്മിക യുവജനപ്രസ്ഥാനത്തിന്റെ ചരിത്രത്തിലേയ്ക്ക് ഒരു മുതൽക്കൂട്ടാകത്തക്കരീതിയിൽ 'കനൽ' എന്ന സ്മരണികയുടെ പ്രകാശന കർമ്മം മെയ് 27-ാം തീയതി കരിമ്പൻ സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിർവ്വഹിച്ചു.

**KCYM 78/09 ജീസസ് നൈറ്റ് – നെടുങ്കണ്ടം**

K.C.Y.M ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ നെടുങ്കണ്ടത്തുവച്ച് മെയ് മാസം 30-ാം തീയതി ശനിയാഴ്ച ജീസസ് നൈറ്റ് സംഘടിപ്പിച്ചു. മനു കൂടപ്പാട്ട് അദ്ധ്യക്ഷത വഹിച്ച ജീസസ് നൈറ്റ് ഫാ. ജോസഫ് പാപ്പാടി ഉദ്ഘാടനം ചെയ്തു. ഫാ.ജോബി ചക്കാങ്കൽ, ബ്രീസ് മൂള്ളൂർ, നൈസി ഒഴുകയിൽ എന്നിവർ നേതൃത്വം നൽകി. ജിൻസ് പാറയ്ക്കൽ, മാത്യൂസ് ഐക്കര എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**KCYM 79/09 വൃക്ഷ തൈ നടീൽ**

K.C.Y.M ഇടുക്കി രൂപതയുടെ ഈട്ടിത്തോപ്പ് യൂണിറ്റിന്റെ വൃക്ഷ തൈ നടീൽ ജനറൽ സെക്രട്ടറി ബ്രീസ് മുള്ളൂർ ഉദ്ഘാടനം ചെയ്തു.

**KCYM 80/09 യുവജന സംഗമം – വാഴവര**

K.C.Y.M ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ വാഴവരയിലെ





യുവജനങ്ങളെ ഒന്നിച്ചുകൂട്ടി ഒരു ക്ലാസ്സ് മെയ് 24-ാം തീയതി ഉച്ചകഴിഞ്ഞ് നടത്തി. വികാരി ഫാ. തോമസ് നെച്ചികാട്ട്, ജോജോ എന്നിവർ നേതൃത്വം നൽകി. ജിൻസ് പാറയ്ക്കൽ ക്ലാസ്സുകൾ നയിച്ചു.

**KCYM 81/09 ജീസസ് നൈറ്റ് – പാണ്ടിപ്പാറ**

K.C.Y.M ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ പാണ്ടിപ്പാറയിൽ വച്ച് ജൂൺ 15-ാം തീയതി വെള്ളിയാഴ്ച ജീസസ് നൈറ്റ് സംഘടിപ്പിച്ചു. തങ്കമണി മേഖലാ പ്രസിഡന്റ് ഷിബു അദ്ധ്യക്ഷത വഹിച്ച ജീസസ് നൈറ്റ് ഫാ. ജോസ് കളപ്പുര ഉദ്ഘാടനം ചെയ്തു. ഫാ. ഷിന്റോ വെട്ടിക്കൽ കുമ്പസാരത്തെക്കുറിച്ച് ക്ലാസെടുത്തു. ജിൻസ് പാറയ്ക്കൽ, മാത്യൂസ് ഐക്കര എന്നിവർ ക്ലാസ്സുകൾ നയിച്ചു. അന്ന ട്രീസ, എബി എന്നിവർ നേതൃത്വം നൽകി.

**KCYM 82/09 രൂപതാ കമ്മിറ്റി– ഭൂമിയാംകുളം**

K.C.Y.M രൂപതാ കമ്മറ്റി ജൂൺ 6-ാം തീയതി ഭൂമിയാംകുളത്ത് വച്ച് നടന്നു. പ്രസ്തുത കമ്മറ്റിയിൽ പുതിയ ഡയറക്ടറച്ചന് സ്നേഹോഷ്മളമായ സ്വാഗതവും കമ്മറ്റിയംഗങ്ങൾ നൽകി.

**KCYM 83/09 യുവജന സംഗമം – ഭൂമിയാംകുളം യൂണിറ്റ്**

K.C.Y.M ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ഭൂമിയാംകുളത്തെ യുവജനങ്ങൾ ഭൂമിയാംകുളം സെന്റ്. സെബാസ്റ്റ്യൻ പള്ളിയിൽ ഒരുമിച്ചുകൂടി. പ്രസ്തുത സംഗമത്തിൽ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് - ബിജു ഉറുമ്പിൽ, വൈ.പ്രസിഡന്റ് - നോബി ഞവരക്കാട്ട്, ലിഡിയ വട്ടക്കുന്നേൽ, ജോമേഷ് നല്ലംകുഴിയിൽ. ജോയിന്റ് സെക്രട്ടറി - ആൽബി പടിഞ്ഞാറേക്കരയിൽ, ട്രഷറർ - ബൈജു വാഴയ്ക്കൽ. ഫാ. ജോസഫ് മാവേലിക്കുന്നേൽ ക്ലാസുകൾ നയിച്ചു. ജിൻസ് പാറയ്ക്കൽ, അനു കുന്നേൽ, ദീപക് ചക്കാലയ്ക്കൽ, സിനി കുത്തുകല്ലുങ്കൽ എന്നിവർ നേതൃത്വം നൽകി.

**KCYM 84/09 അർദ്ധവാർഷിക കൗൺസിൽ**

കെ.സി.വൈ.എം ഇടുക്കി രൂപതയുടെ അർദ്ധവാർഷിക കൗൺസിൽ ജൂലൈ 10,11,12 തീയതികളിൽ മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചു. എല്ലാ ഇടവടകയിൽ നിന്നും 5 ഭാരവാഹികളെ (മൂന്ന് യുവാക്കൾ 2 യുവതികൾ) പറഞ്ഞുവിടാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. തിരഞ്ഞെടുപ്പു നടക്കാത്ത ഇടവകകളിൽ നിന്നും 5 യുവാക്കളെ പറഞ്ഞുവി

ട്ടാലും മതി. സെമിനാറുകളും ചർച്ചകളും ഉണ്ടായിരിക്കുന്നതാണ്.

### KCYM 85/09 **മേഖലാ കൗൺസിൽ – വെള്ളയാംകുടി**

കെ.സി.വൈ.എം ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ വെള്ളയാംകുടി മേഖലാ കൗൺസിൽ ജൂൺ മാസം 21-ാം തീയതി വെള്ളയാംകുടിയിൽ വച്ച് നടത്തപ്പെട്ടു. രൂപതാ ട്രഷറർ ജോജോയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം വെള്ളയാംകുടി അസി. വികാരി ഫാ. ജെയിംസ് മാക്കിയിൽ ഉദ്ഘാടനം ചെയ്തു. ജിൻസ് പാറയ്ക്കൽ ആമുഖ പ്രഭാഷണവും ബ്ര. ജിൻസ് കരിന്തേൽ ആശംസകളും അർപ്പിച്ചു. മേഖലാ ഡയറക്ടർ ഫാ. ടിനു പാറേക്കടവിലിന്റെയും മാത്യൂസ് ഐക്കരയുടെയും നേതൃത്വത്തിൽ തെരഞ്ഞെടുപ്പും നടത്തി.

**ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - | പ്രശാന്ത് ടി. ജോർജ്ജ് |
| വൈ.പ്രസിഡന്റ് | - | ലിജോ ജോർജ്ജ് |
| | | ജോസ്മി സ്കറിയ |
| ജന.സെക്രട്ടറി | - | ജെസ്ബിൻ ജോസ് |
| സെക്രട്ടറി | | റ്റിങ്കിൾ മുണ്ടപ്ലാക്കൽ |
| ,, | - | ബിൻസി ജോൺ |
| ട്രഷറർ | - | മനോജ് ജോസഫ് |

**കമ്മറ്റി അംഗങ്ങൾ**

ഗോബേഷ്, അനുമോൻ ജോർജ്ജ്, രമ്യ സെബാസ്റ്റ്യൻ, നേഹ ഫ്രാൻസിസ്

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

### MVS 14/09 **ഒരു വർഷത്തെ കർമ്മ പരിപാടികൾക്ക് രൂപം നല്കി.**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ 2009 ജൂൺ മുതൽ 2010 ജൂൺ വരെയുള്ള ഒരുവർഷത്തെ കർമ്മപരിപാടികൾക്ക് പുളി





യൻമല നവദർശന ഗ്രാമിൽ ചേർന്ന രൂപതാ പ്രവർത്തക കൺവൻഷനിൽ വച്ച് രൂപം നല്കി. ബോധവത്കരണ പരിപാടികൾ , സ്കൂൾ -കോളേജ് തല സെമിനാറുകൾ, ഉപവാസങ്ങൾ, ധർണ്ണകൾ, പിക്കറ്റിംഗ് ഉൾപ്പെടെയുള്ള സമരപരിപാടികൾ, വാഹനജാഥ, വാർഷികം തുടങ്ങിയ നിരവധി പ്രോഗ്രാമുകൾ ഒരു വർഷകർമ്മ പരിപാടിയിൽ സ്ഥാനം പിടിച്ചു. എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കും. ഇതിനായി നേതൃത്വ വാസനയും മദ്യവിരുദ്ധമനോഭാവവുമുള്ള പ്രവർത്തകരെ നേതൃത്വത്തിലേക്ക് കൊണ്ടുവരുവാനും കൺവൻഷനിൽ ധാരണയായി. രൂപതാ പ്രസിഡന്റ് സിൽബി ചുനയംമാക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി ആമുഖ സന്ദേശം നൽകി. ജനറൽ സെക്രട്ടറി ജോസ് ഇഞ്ചയിൽ, നവദർശനഗ്രാം ഡയറക്ടർ റവ. ഫാ. ജോസഫ് വലിയതാഴത്ത്, റോയി അഗസ്റ്റ്യൻ ചെറുനിലം, റവ. ഫാ. ജെയിംസ് മാക്കിയിൽ തുടങ്ങിയവർ സന്ദേശങ്ങൾ നൽകി. ബെന്നി പാലക്കാട്ട്, ജോസഫ് മ്രാല, മൈക്കിൾ വാഴയിൽ, സിസ്റ്റർ ലീജ S.D, ജോയി മണ്ണാംപറമ്പിൽ, മേരിക്കുട്ടി ജോസ്, ഷേർളി ജോയി തുടങ്ങിയവർ കൺവൻഷന് നേതൃത്വം നൽകി.

### MVS 15/09 **രൂപത കമ്മറ്റി അംഗമായി നിയമിച്ചു.**

പ്രാതിനിധ്യം ഇല്ലാത്ത ഫൊറോനകളിൽ നിന്നും രൂപതാ കമ്മറ്റിയിലേയ്ക്ക് ഒരംഗത്തെ നിയമിക്കുന്നതിന്റെ ഭാഗമായി രാജാക്കാട് ഫൊറോനയിൽ നിന്നും കാന്തിപ്പാറ ഇടവകാംഗമായ സിബി തേവർകുന്നേലിനെ രൂപതാ കമ്മറ്റി അംഗമായി രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി നാമനിർദ്ദേശം ചെയ്തു.

### MVS 16/09 **സി. ട്രീസ ജോസിന് സ്ഥലം മാറ്റം**

മദ്യവിരുദ്ധസമിതിയുടെ രൂപതാ ആനിമേറ്ററായി പ്രവർത്തിക്കുന്ന സിസ്റ്റർ ട്രീസ ജോസ് എസ്.എച്ച്. സ്ലീവാമല കോൺവെന്റിൽ നിന്നും വെൺമണി എസ്.എച്ച്. കോൺവെന്റിലേക്ക് സ്ഥലം മാറുകയും വെൺമണി സെന്റ് ജോർജ്ജ് U.P. സ്കൂളിന്റെ ഹെഡ്മിസ്ട്രസായി നിയമിക്കപ്പെടുകയും ചെയ്തു. സി. ട്രീസ ജോസിന് മദ്യവിരുദ്ധ സമിതി രൂപത കുടുംബത്തിന്റെ എല്ലാ ആശംസകളും നേരുന്നു.

## ഫാമിലി അപ്പസ്തോലേറ്റ്

FA 17/09 **നന്ദി**

കഴിഞ്ഞ ഒരു വർഷക്കാലം ഇടുക്കി രൂപതയുടെ കുടുംബ പ്രേഷിതത്വ വിഭാഗത്തിന് മേൽനോട്ടം വഹിക്കുകയും വിവിധ പദ്ധതികളിലൂടെ രൂപതയിലെ കുടുംബങ്ങളെ നവീകരിക്കാൻ പരിശ്രമിക്കുകയും ചെയ്ത റവ. ഫാ. ജോർജി പള്ളിക്കുന്നേലിന് രൂപതാ കുടുംബത്തിന്റെ നന്ദി.

FA 18/09 **വിവാഹ ഒരുക്കസെമിനാർ**

ജൂലൈ - 8-11 ( ബുധൻ,ശനി)
22-25 ( ബുധൻ, ശനി)

പുതിയ ഡയറക്ടറച്ചന്റെ Ph:9496806003,04862-236308

AJ 6/09 **ആത്മജ്യോതിയിലെ പരിപാടികൾ**

ജൂലൈ 8-11 വിവാഹ ഒരുക്കസെമിനാർ
,, 12-17 ആന്തരിക സൗഖ്യധ്യാനം
,, 19 ഞായർ Special Program
,, 22-25 വിവാഹ ഒരുക്കസെമിനാർ
ഓഗസ്റ്റ് 9-11 Young Priest Seminar

## AKCC

### I അഖില കേരള കത്തോലിക്ക കോൺഗ്രസ്
### ഇടുക്കി രൂപത കമ്മറ്റി

ഇടുക്കി ന്യൂമാൻ എൽ.പി സ്കൂളിൽ വച്ച് നടത്തിയ അത്മായ നേതൃത്വ ശാക്തീകരണ ശില്പശാല പൗളിൽ മീറ്റിന്റെ പൊതു തീരുമാനപ്രകാരം ജസ്റ്റീസ് വി.ആർ കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള നിയമപരിഷ്ക്കരണ കമ്മറ്റി മുന്നോട്ടുവച്ചിട്ടുള്ള പരിഷ്ക്കരണ നിർദ്ദേശങ്ങളെക്കുറിച്ചുള്ള പഠനം ബിഷപ്സ് ഹൗസിൽ ചേരുകയുണ്ടായി. അഡ്വ. ജോയ്സ് ജോർജ്ജ് പരിഷ്ക്കരണ നിർദ്ദേശങ്ങളിലെ കാണാപ്പുറങ്ങൾ എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. ഡയറക്ടർ റവ.ഫാ. ജോസഫ് കോയിക്കക്കുടി, രൂപതാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി. കഴിയുന്നത്ര ഇടവകകളിൽ നിയമപരിഷ്ക്കരണ പഠന വേദികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.





**II.** AKCC പണിക്കൻകുടി യൂണിറ്റ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ പണിക്കൻകുടിയിൽ വച്ച് പഠനവേദി സംഘടിപ്പിച്ചു. സ്കൂൾ ഹാളിൽ ചേർന്ന യോഗം റവ.ഫാ. ജോസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ജനറൽ സെക്രട്ടറി ജോർജ്ജ് കോയിക്കൽ, നിയമപരിഷ്ക്കരണ നിർദ്ദേശങ്ങളിലെ കാണാപ്പുറങ്ങൾ എന്ന വിഷയത്തെ അധീകരിച്ച് ക്ലാസ്സെടുത്തു. യൂണിറ്റ് ഭാരവാഹികൾക്കൊപ്പം, അസി. വികാരി, AKCC രൂപതാ കമ്മറ്റിയംഗം അഡ്വ. വി.എം. ജോയി എന്നിവർ നേതൃത്വം കൊടുത്തു.

**III.** **നിയമപരിഷ്ക്കരണം** - പഠനവേദി കിളിയാർകണ്ടത്ത് സംഘടിപ്പിച്ചു. റവ.ഫാ. ജോസഫ് കുമരകത്തുകാലായിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഉച്ചവരെ നടന്ന സെമിനാറിൽ AKCC രൂപതാ ജനറൽ സെക്രട്ടറി ജോർജ്ജ് കോയിക്കൽ ക്ലാസ്സെടുത്തു. AKCC യൂണിറ്റ് ഭാരവാഹികൾ, മതാധ്യാപകർ, ഇടവക കൈക്കാരന്മാർ എന്നിവർ സെമിനാറിന് നേതൃത്വം നൽകി.

**IV.** AKCC യൂണിറ്റ് ഭാരവാഹികളുടെ പ്രത്യേക യോഗം കിളിയാർകണ്ടത്ത് ചേർന്നു. സംഘടനാ പ്രവർത്തനം, പ്രവർത്തന മാർഗ്ഗരേഖ എന്നിവയെക്കുറിച്ചുള്ള ക്ലാസ്സുകളും ചർച്ചകളും സംഘടിപ്പിച്ചു. രൂപതാ പ്രസി. ജോസുകുട്ടി മാടപ്പള്ളി, ജോസഫ് കുര്യൻ എന്നിവർ ക്ലാസ്സെടുത്തു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട യൂണിറ്റ് ഭാരവാഹികൾക്ക് പ്രത്യേക അനുമോദനങ്ങൾ

**V.** നിയമ പരിഷ്ക്കരണ നിർദ്ദേശങ്ങളെക്കുറിച്ചുള്ള സെമിനാർ ഈട്ടിത്തോപ്പിൽ സംഘടിപ്പിച്ചു. രൂപത ഭാരവാഹികൾക്ക് വികാരി റവ.ഫാ. ഫ്രാൻസീസ് തോട്ടുമാരിയിൽ സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് കോയിക്കക്കുടി ഉദ്ഘാടനം നിർവ്വഹിച്ചു. AKCC പ്രവർത്തനങ്ങളുടെ കാലികപ്രസക്തിയെക്കുറിച്ച് രൂപതാ പ്രസി. ശ്രീ. ജോസുകുട്ടി മാടപ്പള്ളിയും നിയമ പരിഷ്ക്കരണ നിർദ്ദേശങ്ങളെക്കുറിച്ച് ജനറൽ സെക്രട്ടറി ജോർജ്ജ് കോയിക്കലും ക്ലാസ്സെടുത്തു. AKCC ഫൊറോന ഭാരവാഹി ശ്രീ. മാത്യുക്കുട്ടി ആനക്കല്ലിൽ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് AKCC യൂണിറ്റ് ഭാരവാഹികളുടെ യോഗം ചേർന്ന് യൂണിറ്റ്തല പ്രവർത്തനങ്ങൾ വിലയിരുത്തി. പ്രവർത്തന മാർഗ്ഗരേഖ അവതരിപ്പിക്കുകയും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## VI. AKCC സംസ്ഥാന നേതൃ സംഗമം – കോട്ടയത്ത്

AKCC സംസ്ഥാനതല നേതൃസംഗമം കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. നിരവധി രൂപതകളിൽ നിന്നുള്ള രൂപതാ ഭാരവാഹികൾ നേതൃസംഗമത്തിൽ പങ്കെടുത്തു. സംസ്ഥാന പ്രസി. എം.ഡി ജോസഫ് മണ്ണിപ്പറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം മാർ മാത്യു മൂലക്കാട്ട് ഉദ്ഘാടനം ചെയ്തു. പ്രോഫ. ജോസുകുട്ടി ഒഴുകയിൽ ചീഫ് കോർഡിനേറ്റർ ആയിരുന്നു. ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും പഠനങ്ങളും പ്രവർത്തന വിലയിരുത്തലുകളും നടത്തി.

ഇടുക്കി രൂപതയിൽ നിന്നുള്ള 14 ഭാരവാഹികൾ നേതൃസംഗമത്തിൽ പങ്കെടുത്തു. ഇടുക്കി രൂപതയുടെ പ്രവർത്തന റിപ്പോർട്ട് ജനറൽ സെക്രട്ടറി ജോർജ്ജ് കോയിക്കൽ അവതരിപ്പിച്ചു. പ്രവർത്തന മാർഗ്ഗരേഖ അവതരണം ജോസഫ് കുര്യൻ ഏറമ്പടം നിർവ്വഹിച്ചു.

അത്മായ നേതൃത്വത്തിലെ ക്രിസ്തീയ വ്യക്തിത്വം എന്ന വിഷയത്തെ ആസ്പദമാക്കി റവ.ഫാ. ജോസഫ് കോയിക്കക്കുടി ക്ലാസ്സെടുത്തു. ശ്രീ. മാത്യു മലേപ്പറമ്പിൽ, ജോർജ്ജ് അരീപ്പറമ്പിൽ,ശ്രീ രാജു മുളകുവള്ളി, ജയിംസ് കാൽവരിമൗണ്ട്, ഫ്രാൻസീസ് മാതാംകുന്നേൽ എന്നിവർ ചർച്ചകളിൽ സജീവമായി പങ്കെടുത്തു.

സമാപന സമ്മേളനത്തിൽ സംസ്ഥാന സർക്കാരിനു മുമ്പിൽ സമർപ്പിച്ചിരിക്കുന്ന നിയമപരിഷിക്കരണ നിർദ്ദേശങ്ങളിൽ, ജനസംഖ്യാസൂത്രണ കരടുനിയമം, കേരള ക്രിസ്ത്യൻ പ്രവാസി നിയമം, ദയാവധം നിയമവിധേയമാക്കൽ, ക്രൈസ്തവ സഭാസ്വത്തുക്കളും സ്ഥാപനങ്ങളും സംബന്ധിച്ചുള്ള നിയമം എന്നിവയെക്കുറിച്ചുള്ള ശക്തമായ എതിർപ്പും പ്രതിഷേധവും പ്രകടമാക്കിക്കൊണ്ടുള്ള പ്രമേയം ജോർജ്ജ് കോയിക്കൽ അവതരിപ്പിച്ചു പാസ്സാക്കി.

### പ്രതികരണങ്ങൾ

**I.** സുപ്രീം കോടതിയിലെ 'പട്ടയക്കേസിൽ' അതിശക്തമായ ഇടപെടലുകൾ നടത്തിയ ഹൈറേഞ്ച് സംരക്ഷണ സമിതിയെയും, അഭിവന്ദ്യ ഇടുക്കി, കാഞ്ഞിരപ്പള്ളി ബിഷപ്പുമാരെയും ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയേയും AKCC രൂപത കമ്മറ്റി അനുമോദിച്ചു. പട്ടയ നിയമത്തിലെ പോരായ്മകളും അപാകതകളും





പരിഹരിച്ച് ഇനിയും പട്ടയം ലഭിക്കാത്ത കർഷകർക്ക് പട്ടയം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു.

**II. പ്രതിഷേധ സമരങ്ങൾ പൗരാവകാശത്തിന്മേലുള്ള കടന്നുകയറ്റമാകരുത്-AKCC ഇടുക്കി രൂപത.**

ജനാധിപത്യ ഭരണക്രമത്തിൽ അഭിപ്രായ പ്രകടനത്തിനും പ്രതിഷേധ സമരങ്ങൾക്കുമുള്ള അവകാശം മറ്റുള്ളവരുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമാകരുത് എന്ന് AKCC ഇടുക്കി രൂപത കമ്മിറ്റി.

ലാവ്ലിൻ കേസിൽ ഗവർണർ പ്രോസിക്യൂഷൻ അനുമതി നൽകിയതിനെതിരെ നടത്തിയ പ്രതിഷേധ സമരത്തിനിടെ ആലപ്പുഴയിൽ സഭാസ്ഥാപനങ്ങളും സ്കൂൾ കെട്ടിടവും ഫർണിച്ചറും അടിച്ചു തകർത്ത സംഭവത്തിൽ AKCC ഇടുക്കി രൂപതാ കമ്മറ്റി ശക്തമായി പ്രതിഷേധിച്ചു.

കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കണമെന്നും സാമൂഹ്യവിരുദ്ധരുടെയും ഗുണ്ടകളുടെയും ക്രിമിനലുകളുടെയും പിൻബലത്തിൽ സംഘടിത ശക്തികൾ നടത്തുന്ന സമരാഭാസങ്ങളെ രാഷ്ട്രീയക്കാർ പ്രോത്സാഹിപ്പിക്കുന്നത് അവസാനിപ്പിക്കണമെന്നും രൂപതാ കമ്മറ്റി ആവശ്യപ്പെട്ടു.

സ്നേഹപൂർവ്വം,
ജോർജ്ജ് കോയിക്കൽ
ജനറൽ സെക്രട്ടറി

## മാതൃദീപ്തി

### മോഡറേറ്റേഴ്സ് മീറ്റ് 2009

20.6.09 കരിമ്പൻ ബിഷപ്സ് ഹൗസിൽ വെച്ച് മോഡറേറ്റേഴ്സ് മീറ്റ് നടന്നു. 54 യൂണിറ്റിൽ നിന്നും മോഡറേറ്റേഴ്സ് പങ്കെടുത്തു. പറഞ്ഞുവിട്ട ഡയറക്ടർ അച്ചന്മാർക്കും, പങ്കെടുത്ത സിസ്റ്റേഴ്സിനും നന്ദി.

### രൂപത മത്സരങ്ങൾ

മുൻപ് അറിയിച്ചതിന് വ്യത്യസ്തമായി മത്സര സമയത്തിലും

പ്രസംഗവിഷയത്തിലും വരുത്തിയ മാറ്റങ്ങൾ ശ്രദ്ധിക്കണേ.

**പ്രസംഗം വിഷയം**

1. സ്ത്രീ - സഭയിലും സമൂഹത്തിലും
2. നിയമപരിഷ്ക്കരണവും വിശ്വാസജീവിതവും

**മത്സര സമയം**

| | | |
|---|---|---|
| മേഖലാ മത്സരം | - | ജൂലൈ 21 ന് മുൻപ് |
| രൂപതാ മത്സരം | - | ആഗസ്റ്റ് 8 നും |
| സ്ഥലം | - | സെന്റ് ജോർജ്ജ് HSS വാഴത്തോപ്പ് |
| സമയം | - | 9 a.m രജിസ്ട്രേഷൻ, 9.30 ന് മത്സരങ്ങൾ ആരംഭിക്കുന്നു. |

**വാർഷിക റിപ്പോർട്ട്**

മാതൃദീപ്തി രൂപതാ വാർഷികത്തോടനുബന്ധിച്ച് നൽകിവരുന്ന പുരസ്കാരങ്ങൾക്ക് അർഹരായ ഏറ്റവും നല്ല ശാഖയെ തെരഞ്ഞെടുക്കുന്നതിന് ജൂലൈ 15-ന് മുൻപായി മേഖലകളിൽ റിപ്പോർട്ട് നൽകണം. മേഖലകളിൽ നിന്നും റിപ്പോർട്ട് ജൂലൈ 30 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ നൽകണം.

യൂണിറ്റ് മേഖലാ വാർഷിക റിപ്പോർട്ടുകൾ പരിശോധിച്ചശേഷം രൂപതാസമിതി തീരുമാനമനുസരിച്ച് മറ്റു മേഖലകൾക്ക് വീതിച്ചു നൽകുന്നതാണ്.

റിപ്പോർട്ടുകൾ അയയ്ക്കേണ്ട വിലാസം

Fr. Joseph Kollakompil
Vicar, St. Mary's R.C Church
Maniyaramkudy P.O - 685602

**ലൈബ്രറി**

സ്ത്രീകൾക്കും അമ്മമാർക്കും അറിവ് നൽകുന്നതും പ്രചോദനാത്മകവും ആയ പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറി ഓരോ യൂണിറ്റിലും തുടങ്ങുന്നത് അഭിലഷണീയമാണ്. എല്ലാ ശാഖകൾക്കും 100 രൂപയുടെ പുസ്തകം രൂപതാ കേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

താഴെ തന്നിരിക്കുന്ന പുസ്തകങ്ങൾ ലൈബ്രറിയിലേയ്ക്ക് ആവശ്യമുള്ളവർ ജൂലൈ 10 നകം രൂപതാ ഡയറക്ടർ, മോഡറേറ്റർ ഇവരെ ആരെയെങ്കിലും അറിയിക്കേണ്ടതാണ്.

04868 275279 , 9496806003





1. കുടുംബം - അകവും പുറവും ഫാ. ബേബി സെബാസ്റ്റ്യൻ തോണിക്കുഴി - Rs. 70.
2. അനുഗ്രഹീത കുടുംബം- ഫാ. ജോസ് കോട്ടയിൽ - Rs. 100.
3. സന്മാർഗ്ഗശാസ്ത്രം പ്രായോഗിക ജീവിതത്തിൽ -ഫാ. ആന്റണി ഇലവുംങ്കുടി - Rs. 180.
4. ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ ഡോ. ലൂക്കോസ് ജോർജ്ജ് - Rs. 40.
5. വി. കുർബ്ബാന വിശുദ്ധ ജീവിതത്തിൽ - ഫാ. ആന്റണി ഇലവുങ്കുടി - Rs. 35.
6. ലഹരിചികിത്സയും കൗൺസിലിംഗും - ഡോ.സി. ജോവാൻ ചുങ്കപ്പുര - Rs. 130.
7. കുടുംബം സ്നേഹസമൂഹം Pope John Paul II- Rs. 50 .
8. കുടുംബം സ്വർഗ്ഗീയമാക്കാൻ കുറെ വിജയമന്ത്രങ്ങൾ ഫാ. ജോസ് കോട്ടയിൽ - Rs. 90.

**ലോഗോസ് ക്വിസ് 2009**

കുടുംബങ്ങളുടെ എണ്ണത്തിന് അനുസരിച്ച് ഏറ്റവും കൂടുതൽ അമ്മമാരെ പങ്കെടുപ്പിക്കുന്ന യൂണിറ്റിന് Rs. 1001/-,701/-,501/ എന്നീ ക്രമത്തിൽ ഒന്നും രണ്ടും മൂന്നും സമ്മാനങ്ങൾ ഇടുക്കി രൂപതാ മാതൃദീപ്തി കേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

**ജീവ സമൃദ്ധി.**

2009 ജനുവരി 1 ന് ശേഷം നാലാമത്തെയും, അഞ്ചാമത്തെയും കുട്ടികൾക്ക് ജന്മം നൽകുന്ന അമ്മമാരെ ഇടുക്കി രൂപതാ മാതൃദീപ്തി ആദരിക്കുന്നു. യൂണിറ്റുകൾ രൂപതാ കേന്ദ്രത്തിൽ ആഗസ്റ്റ് 31 ന് മുൻപായി അർഹരായ അമ്മമാരെ കണ്ടെത്തി അറിയിക്കേണ്ടതാണ്.

**നന്ദി**

മാതൃദീപ്തിയുടെയും, വനിതാ കമ്മീഷന്റെയും, ഏകസ്ഥ കൂട്ടായ്മയുടെയും കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശവും, നേതൃത്വവും നൽകി രൂപതാഘടകങ്ങളെ കേരളസഭയുടെ മുൻനിരയിലേയ്ക്ക് ഉയർത്തിയ പെരിയ ബഹു. ജോസഫ് വള്ളിയാംതടത്തിലച്ചന് രൂപതാ കുടുംബത്തിന്റെ നന്ദി.

**രൂപതാ നിയമാവലി**

രൂപതാ നിയമാവലിയും പ്രാർത്ഥനാ പുസ്തകവും ആവശ്യ

മുള്ളവർ ജൂലൈ 1 മുതൽ ബിഷപ്സ് ഹൗസിലുള്ള ബുക്ക് സ്റ്റാളിൽ നിന്നോ, അടിമാലി ആത്മജ്യോതി ബുക്ക് സ്റ്റാളിൽ നിന്നോ വാങ്ങാവുന്നതാണ്.

## കുടുംബകൂട്ടായ്മ

### SCC സർക്കുലർ

1. അടുത്ത മാസം കൂട്ടായ്മകളിൽ പ്രയോജനപ്പെടുത്താവുന്ന വചനഭാഗങ്ങൾ : യോഹ: 20: 24-29, ലൂക്കാ: 12: 57-13: 1-9, ലൂക്കാ: 13: 22-35, ലൂക്കാ: 14: 1-14, ലൂക്കാ: 15: 11-32

**2. സഭാപ്രബോധനങ്ങൾ**

''കുടുംബകൂട്ടായ്മകൾ സഭയ്ക്കുള്ളിൽ ഇന്ന് ഊർജ്ജസ്വലതയുടെ അടയാളമാണ്. സുവിശേഷവേലയ്ക്കും അതിനുള്ള ഒരുക്കത്തിനും പറ്റിയ വേദികളാണ് സ്നേഹത്തിന്റെ സംസ്ക്കാരത്തിൽ അടിത്തറ പണിയുന്ന ഒരു പുതിയ സാമൂഹ്യക്രമം രൂപപ്പെടുത്തുന്നതിന്റെ തുടക്കം കുറിക്കുന്ന കേന്ദ്രങ്ങളാണിവ. കുടുംബകൂട്ടായ്മകൾ ഇടവകയെ വികേന്ദ്രീകരിച്ച് സംഘടിപ്പിക്കുകയാണ് ചെയ്യുക. അതേ സമയം ഇടവകയുമായി ഉറ്റബന്ധത്തിലായിരിക്കുകയും ചെയ്യുന്നു. താൻ സമൂഹത്തെ മുഴുവനായി പ്രതിനിധാനം ചെയ്തു പ്രവർത്തിക്കുന്നു എന്ന പ്രതീതി അനുഭവിക്കാൻ ഓരോരുത്തനും കഴിയുന്നു. തങ്ങൾ സജീവ പങ്കാണ് വഹിക്കുന്നതെന്ന തോന്നൽ ഓരോ സ്ത്രീക്കും പുരുഷനും ഉണ്ടാകുന്നു. പൊതു ലക്ഷ്യത്തിൽ പങ്കുചേരാൻ അവർ പ്രോത്സാഹിപ്പിക്കപ്പെടുന്നു. ക്രിസ്തുവിനോടുള്ള സ്നേഹം തുടിക്കുന്നവരായിത്തീർന്ന് വിഘടനങ്ങൾക്ക് അതീതമായി വർത്തിക്കുവാൻ എങ്ങനെ കഴിയുന്നു എന്നു തെളിയിക്കുകയും ചെയ്യുന്നു''. (രക്ഷകന്റെ മിഷൻ(51) ജോൺ പോൾ II)

2. ''മഹാ കുടുംബമാകുന്ന സഭയുടെ മൂർത്തരൂപം അനുഭവവേദ്യമാകുന്ന രൂപതകളിലും ഇടവകകളിലും കുടുംബകൂട്ടായ്മകളിലും മറ്റു സഭാ പ്രവർത്തനരംഗങ്ങളിലും സഭ അതിന്റെ വാതിലുകൾ അഭയമില്ലാത്തവർക്കായി ഇനിയും മലർക്കെതുറക്കേണ്ടിയിരിക്കുന്നു. ഈ ലോകത്തിൽ ഭവനരഹിതരായി ആരുമില്ല. അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ എല്ലാവർക്കും സഭ എന്നും അഭയമേകുന്ന ഭവനമായി കുടുംബമായി നിലകൊള്ളുന്നു''. (ക്രിസ്തീയ കുടുംബം (85) ജോൺ പോൾ II )





3. ''അത്മായരും സന്യസ്തരും വൈദികരും പരസ്പരം അംഗീകരിക്കുകയും സഹോദരിസഹോദരന്മാരെപ്പോലെ കരുതുകയും ചെയ്യുന്ന കൂട്ടായ്മകളുടെ കൂട്ടായ്മയായിരിക്കും നാളത്തെ ഏഷ്യയിലെ സഭ. തിരുവചനാനുഭവത്തിലൂടെ ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നിറഞ്ഞ കുടുംബകൂട്ടായ്മകൾ പടുത്തുയർത്താൻ എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. കൂട്ടായ്മകളിൽ വചനം പങ്കുവയ്ക്കുകയും പ്രാർത്ഥനയിലും അനുദിനജീവിത വ്യാപാരങ്ങളിലും ഒരേ മനസ്സോടും ഹൃദയത്തോടുംകൂടി പരസ്പരം സഹായിച്ച് മുന്നേറുകയും ചെയ്യുന്നു''. (ഏഷ്യയിലെ മെത്രാന്മാരുടെ ബന്ദുംങ്ങ കോൺഫ്രൻസ് 1990)

4. ''ഏകവും പരിശുദ്ധവും സാർവ്വത്രികവും ശ്ലൈഹികവുമായ സഭയുടെ തനി പകർപ്പുകളായ കൂട്ടായ്മകളെയാണ് കുടുംബകൂട്ടായ്മ വഴി ലക്ഷ്യം വയ്ക്കുന്നത്. അത്മായർ ജീവിക്കുന്ന ചുറ്റുപാടുകളിൽ അവരുടെ അനുദിന ജീവൽപ്രശ്നങ്ങളിൽ സഭയെ ബന്ധപ്പെടുത്താനുള്ള ഉപാധിയാണ് കുടുംബകൂട്ടായ്മകൾ. സഭ ഇന്ന് കുടുംബകൂട്ടായ്മകളിലൂടെ വിശ്വാസികളുടെ ജീവിത സാഹചര്യങ്ങളിൽ അവതരിക്കണം''. (ആഫ്രിക്കയിലെ മെത്രാന്മാരുടെ 1979-ലെ കോൺഫ്രൻസ്)

5. ''ഒരു ശരീരത്തിന്റെ മുഴുവൻ വളർച്ചയ്ക്കും സുസ്ഥിതിക്കുമായി നിരന്തരം പ്രവർത്തിക്കുന്ന കോശങ്ങൾ പോലെയാണ് സഭയിൽ ചെറിയ ക്രൈസ്തവസമൂഹങ്ങൾ. ഓരോ ക്രിസ്ത്യാനിക്കും സഭയിലുള്ള തന്റെ ദൗത്യം നിറവേറ്റാൻ അവസരമൊരുക്കുന്ന ചെറിയ ക്രൈസ്തവസമൂഹങ്ങളുടെ രൂപീകരണവും വളർച്ചയും നമ്മുടെ എല്ലാ ഇടവകകളിലും പ്രോത്സാഹിപ്പിക്കപ്പെടണം''. (ഇൻഡ്യയിലെ മെത്രാന്മാരുടെ കോൺഫ്രൻസ് 1998 വാരണാസി -32)

6. ''ഇന്നത്തെ സഭയുടെ മുന്നിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ എപ്രകാരമുള്ള സഭാസമൂഹമാണ് ആവശ്യമെന്ന് ചിന്തിച്ചപ്പോൾ ഞങ്ങൾക്ക് മുന്നിൽ സഭാപ്രവർത്തനങ്ങൾ, ആലോചനമുതൽ വിവിധപദ്ധതികളുടെ നടപ്പിലാക്കൽ വരെ അയൽപക്കങ്ങളിൽ ഒരുമിച്ചു കൂടുന്ന ചെറിയ ക്രൈസ്തവസമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന വിശ്വാസികളുടെ സമൂഹമായ മാതൃകാ ഇടവകകളും രൂപതകളുമാണ്. ശുശ്രൂഷിക്കപ്പെടാനല്ല ശുശ്രൂഷിക്കാനാണ് വന്നത്

എന്ന ഈശോയുടെ മനോഭാവത്തിലുള്ള ആധിപത്യേതര നേതൃത്വമാണ് ഇത്തരത്തിൽ രൂപീകൃതമാകുന്ന സഭയ്ക്ക് ഉണ്ടാകേണ്ടത്''. (ഇൻഡ്യയിലെ മെത്രാന്മാരുടെ 1992-ലെ പൂന കോൺഫ്രൻസ്)

7. സഭാംഗങ്ങൾക്ക് സുവിശേഷാനുസൃതമായ സഹോദരസ്നേഹത്തിലും ശുശ്രൂഷയിലും ജീവിച്ച് സ്നേഹസംസ്ക്കാരത്തിന്റെ പ്രകാശനമായ ഒരു നവ സമൂഹം പടുത്തുയർത്തുവാൻ കുടുംബക്കൂട്ടായ്മകളുടെ പങ്ക് വളരെ വലുതാണ്. (ഏഷ്യയിലെ സഭ ജോൺ പോൾ II പാപ്പ)

8. സഭാംഗങ്ങൾ ദൈവവചനം കുട്ടായ്മകളിൽ പങ്കുവച്ചും വി. കുർബനയാൽ പരിപോഷിപ്പിക്കപ്പെട്ടും ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിദ്ധ്യാനുഭവത്തിൽ തങ്ങളുടെ അയൽപക്കങ്ങളിൽ സ്നേഹവും പരസ്പരമുള്ള പരിഗണനയും സാദ്ധ്യമാക്കുന്നു. ഇടുങ്ങിയ സ്വാർത്ഥ ചിന്തയിൽ കഴിയാതെ എല്ലാ മനുഷ്യരുമായി സഹകരിച്ച് സുവിശേഷചൈതന്യം പ്രസരിപ്പിക്കുവാൻ കുടുംബകൂട്ടായ്മകൾക്കു സാധിക്കുന്നു. (യേശുക്രിസ്തുജയന്തി 2000 നവസമൂഹത്തിലേക്ക് No.45)

## II പുതപ്പിനുള്ളിലെ സർപ്പം

ലോകത്തിന് ദൈവം നല്കിയ വലിയ സമ്മാനമാണ് കത്തോലിക്ക സഭ. ഈ സഭ ലോകത്തിനു നല്കിയ സംഭാവനകളും മാതൃകകളും ആർക്കും എണ്ണി നിർണ്ണയിക്കാവുന്നതിലും അധികമാണ്. ഈ പ്രകാശ ഗോപുരത്തെ ഇടിച്ചു നിരപ്പാക്കാൻ കിണഞ്ഞു ശ്രമിക്കുന്ന അന്ധകാര ശക്തികളെ നാം ഈ നാളുകളിൽ കണ്ടു കൊണ്ടിരിക്കുകയാണല്ലോ. സ്നേഹത്തിന്റെ മൂർത്തീമത് ഭാവമായ ആത്മസമർപ്പണത്തിൽ നിന്നും ഉയിർകൊണ്ട ഈ മഹാ വടവൃക്ഷത്തെ അരിഞ്ഞരിഞ്ഞില്ലാതാക്കാൻ ശ്രമിക്കുന്ന പ്രതിലോമ ശക്തികളെ, പൈശാചികശക്തികളെ, നമുക്ക് കണ്ടില്ലെന്ന് നടിക്കാൻ പറ്റില്ല. ഏറ്റവുമൊടുവിലിതാ ചിലപ്രത്യയ ശാസ്ത്രക്കാർ കണ്ടെത്തിയിരിക്കുന്നു 'ഇവിടുത്തെ ക്രിസ്ത്യാനികളുടെ നിയമങ്ങളൊന്നും ശരിയല്ലയെന്ന്'. ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന 2000 വർഷങ്ങൾകൊണ്ട് നന്മതിന്മകൾ വിവേചിച്ചറിഞ്ഞ് സ്നേഹവും ത്യാഗവുംകൊണ്ട് നിറഞ്ഞുമുറ്റിയ തലമുറകളിലൂടെ ഉയിർകൊണ്ട ക്രിസ്തീയ നിയമങ്ങളും പാരമ്പര്യങ്ങളും നിഷിദ്ധമത്രേ.

ഈയിടെ കാപാലികത്വത്തിന്റെ ഒളിമനസ്സോടെ ക്രിസ്തീയ സമൂഹത്തിന് പ്രത്യേകിച്ച് ക്രൈസ്തവ സമൂഹത്തിന് എതിരായി





തയ്യാറാക്കിയിരിക്കുന്ന നിയമപരിഷ്ക്കരണങ്ങളുടെ അകപ്പൊരുൾ നമ്മുടെ കുടുംബകൂട്ടായ്മകളിൽ ചർച്ചയ്ക്കും പഠനത്തിനും പ്രതിഷേധത്തിനും ഇടയാകണം. അഭിവന്ദ്യ പിതാവ് നമ്മുടെ അറിവിലേക്കായി കുടുംബകൂട്ടായ്മകളിൽ ചർച്ചയ്ക്കും വിചിന്തനത്തിനുമായി തന്നിരിക്കുന്ന ലഘുലേഖ ഉപകാരപ്പെടുത്തണം എന്ന് അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയിലും എത്തിച്ചിരിക്കുന്ന ലഘുലേഖ കൂട്ടായ്മകളുടെ ശുശ്രൂഷകർ നേതൃത്വം കൊടുത്ത് പഠിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്യണം.

ഡയറക്ടർ.

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന സാഹിത്യ മത്സരങ്ങൾ – 2009

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ വചനാധിഷ്ഠിത ചിന്തയ്ക്കും സംസ്കാരത്തിനും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ ഈ വചന വർഷത്തിൽ രചനാമത്സരങ്ങൾക്കുള്ള കൃതികളെ ക്ഷണിക്കുന്നു. എല്ലാ രചനകളുടെയും പ്രതിപാദനവിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെ ചേർക്കുന്നു.

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദനവിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. എന്നാൽ അവയുടെ ആനുകാലികാവിഷ്ക്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും, ലേഖനം പത്തു പേജിലും, കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതു മിനിട്ട് കൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. അനുകരണമോ, വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല.

ലേഖന മത്സരം അത്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും. ഓരോ ഗ്രൂപ്പിനുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ് നമ്പർ 1 : അല്മായർ

വിഷയം : പൗരോഹിത്യ വർഷവും പൗരോഹിത്യധർമ്മാനുഷ്ഠാനങ്ങളും : അവയുടെ ആനുകാലിക പ്രാധാന്യം

ഗ്രൂപ്പ് നമ്പർ 2 : സെമിനാരി വിദ്യാർത്ഥികൾ
വിഷയം : ക്രിസ്തുവിന്റെ വിശ്വസ്തത പുരോഹിതരുടെ വിശ്വസ്തതയ്ക്ക് മാതൃക

ഗ്രൂപ്പ് നമ്പർ 3 : സന്യാസിനികൾ
വിഷയം : ദൈവരാജ്യത്തിന്റെ ഈ ലോകത്തിലെ സാന്നിദ്ധ്യമായ സഭാഗാത്രത്തെ പടുത്തു യർത്തുന്നതിൽ സന്യസ്തരുടെ പങ്ക്

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50/- രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ / സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനു മുൻപ് വേറെ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2009 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും, രണ്ടും, മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും, ബൈബിളും താഴെ കൊടുത്തിരിക്കുന്നതിനനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| മത്സര ഇനം | രജി.ഫീസ് | 1 | 2 | 3 |
|---|---|---|---|---|
| 1. കവിത | 50 | 2000 | 1500 | 1000 |
| 2. ചെറുകഥ | 50 | 2000 | 1500 | 1000 |
| 3. ഏകാങ്ക നാടകം | 50 | 2000 | 1500 | 1000 |
| 4. ലേഖനം-1 | 50 | 2000 | 1500 | 1000 |
| 5. ലേഖനം-2 | 50 | 2000 | 1500 | 1000 |
| 6. ലേഖനം-3 | 50 | 2000 | 1500 | 1000 |

കൃതികൾ അയയ്ക്കേണ്ട വിലാസം:
സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി. ഒ. സി, പി.ബി. നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

വിജയാശംസകളോടെ,

പി.ഒ.സി. റവ. ഡോ. സൈറസ് വേലംപറമ്പിൽ
10.6.2009 സെക്രട്ടറി, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ





# അറിയിപ്പുകൾ

## 2009 – 10 ലെ വിശുദ്ധ നാടുകളിലേക്കുള്ള തീർത്ഥാടനം

1. വിശ്വപ്രസിദ്ധ മരിയൻ തീർത്ഥാടന കേന്ദ്രമായ ലൂർദ്ദ്, വത്തിക്കാൻ സിറ്റി, റോം, പാദുവ, വെനീസ്, പാരിസ് സിറ്റി (വി. വിൻസെന്റി പോളിന്റെ തീർത്ഥാടന കേന്ദ്രം), ഇസ്രായേൽ, പലസ്തീൻ, ജോർദ്ദാൻ തുടങ്ങിയ വി. നാടുകളിലേക്ക് 2009 സെപ്റ്റംബർ/ ഒക്ടോബർ മാസത്തിലും,

2. വചനം മാംസമായ യേശുവിന്റെ പാദസ്പർശനമേറ്റ് പരിപാവനമായ ഇസ്രായേൽ, പലസ്തീൻ, ഈജിപ്ത്, ജോർദ്ദാൻ തുടങ്ങിയ പുണ്യ സ്ഥലങ്ങളിലേക്ക് 2010 ഏപ്രിൽ/മേയ് മാസങ്ങളിലുമായി രണ്ട് തീർത്ഥയാത്രകൾ ഒരുക്കിയിരിക്കുന്നു.

യേശുനാഥന്റെ രക്ഷാകര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പുണ്യസ്ഥലങ്ങളും സന്ദർശിക്കും. മാതാവിന് മംഗലവാർത്ത ലഭിച്ച സ്ഥലം, തിരുപ്പിറവിയുടെ ദൈവാലയം, ഗത്സമനി, കാൽവരി, കർത്താവിന്റെ കല്ലറ തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും തീർത്ഥാടന സംഘം വി. ബലിയർപ്പിക്കും. തികച്ചും പ്രാർത്ഥനാന്തരീക്ഷത്തിൽ വിശുദ്ധ വചനത്തിന്റെ ചുവടുപിടിച്ചുകൊണ്ട് തീർത്ഥാടകസംഘത്തെ നയിക്കുന്നതു ഏറെ മുൻപരിചയമുള്ള ഫാ. വിൻസെന്റ് പുതുശ്ശേരിയായിരിക്കും. ഇംഗ്ലീഷ്, മലയാളം, കന്നട, തമിഴ് എന്നീ ഭാഷകളിൽ പുണ്യഭൂമിയുടെ ചരിത്ര പശ്ചാത്തലം വിശദീകരിക്കുന്നു. തീർത്ഥാടനത്തിന്റെ വീഡിയോ കവറേജ് തീർത്ഥാടനത്തിന്റെ പച്ചപിടിച്ച ഓർമ്മ നിലനിർത്താൻ ഉപകരിക്കും. വൈദികരും സന്യസ്തരും അൽമായരുമടങ്ങുന്ന സംഘത്തിന്റെ തീർത്ഥാടനം ഒരു ആത്മീയ യാത്രയുടെ അനുഭൂതി പകരും. തീർത്ഥാടന സംഘത്തിൽ ചേരുവാൻ താൽപര്യമുള്ളവർ ഉടൻ ബന്ധപ്പെടുക.

Fr. Vincet Pudussery,
St. Joseph's Church
Rippon P.O., Wayanad - 673 577
KERALA
Ph : 04936 280757,09388431601 (M)
Email :<vincent pudussery@gmail.com>

## സീറോ മലബാർ റിസർച്ച് സെന്റർ അവാർഡ് അപേക്ഷ ക്ഷണിക്കുന്നു

മൗണ്ട് സെന്റ് തോമസ്: സീറോ മലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള റിസർച്ച് സെന്ററിന്റെ പത്താം പിറന്നാളിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള അവാർഡിന്റെ നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നു. ഇരുപത്തയ്യായിരം രൂപയും ഷീൽഡും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. സീറോ മലബാർ സഭയുടെ ആരാധനക്രമം, ആദ്ധ്യാത്മികത, ചരിത്രം, ശിക്ഷണക്രമം എന്നിവയുടെ പരിപോഷണത്തിനു വേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഗവേഷണകേന്ദ്രത്തിന്റെ ശ്രമങ്ങളുടെ ഫലമായിട്ടാണ് ഈ പുരസ്ക്കാരം ഏർപ്പെടുത്തുന്നത്. മേജർ ആർച്ച് ബിഷപ്പ് മാർ വർക്കി വിതയത്തിൽ രക്ഷാധികാരിയും ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്ത് ചെയർമാനും ബിഷപ്പ് ജോസഫ് കല്ലറക്കാട്ട് സിനഡ് പ്രതിനിധിയും ഫാ. ഡോ. പോളി കണ്ണൂക്കാടൻ എക്സിക്യുട്ടീവ് ഡയറക്ടറും ഫാ. ഡോ. ജോസ് പാലക്കിൽ, ഫാ. പോളി മണിയാട്ട് ഡയറക്ടർ ബോർഡ് അംഗങ്ങളുമായിരിക്കുന്ന സമിതിയാണ് ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നത്. സീറോ മലബാർ സഭാ സിനഡിന്റെ അംഗീകാരത്തോടെ നല്കുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയവുമായ ക്രൈസ്തവ പോഷണാർത്ഥം ദൈവശാസ്ത്രം, സാഹിത്യം, കല, സംസ്ക്കാരം, ചരിത്രം, ശിക്ഷണക്രമം തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ടതുമായ മികച്ച സംഭാവനകൾ നൽകിയ സീറോ മലബാർ അംഗങ്ങളിൽ നിന്നാണ് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുന്നത്. വർഷത്തിലൊരിക്കലായിരിക്കും ഈ അവാർഡ് നൽകപ്പെടുന്നത്. നിയമാവലി അനുസരിച്ച്, ഈ വർഷം മേൽപ്പറഞ്ഞ മേഖലകളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തി വ്യക്തിമുദ്ര പതിപ്പിച്ച വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും പേരുകളാണ് ക്ഷണിക്കുന്നത്. 2008 ഡിസംബർ 30 വരെയുള്ള സംഭാവനകൾ മാത്രമെ സ്വീകരിക്കുകയുള്ളു. അവാർഡിനായി പരിഗണിക്കപ്പെടേണ്ട വ്യക്തിയുടെ സംഭാവനകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ, പുസ്തകങ്ങൾ, ലേഖനങ്ങൾ, ചിത്രങ്ങൾ, ഫോട്ടോഗ്രാ





ഫുകൾ തുടങ്ങിയവ നാമനിർദ്ദേശത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്. നാമനിർദ്ദേശങ്ങൾ 2009 ജൂലൈ 31-നകം ഡയറക്ടർ, ലിറ്റർജിക്കൽ റിസർച്ച് സെന്റർ, മൗണ്ട് സെന്റ് തോമസ്, പി.ബി. നമ്പർ 3110, കാക്കനാട് പി.ഒ., കൊച്ചി-682030, ഇൻഡ്യ എന്ന വിലാസത്തിൽ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ഓരോ വർഷവും മാർ തോമാ ശ്ലീഹായുടെ ഭാരത പ്രവേശന തിരുനാളിനോടനുബന്ധിച്ച് (നവംബർ 21 ന്) നടത്തപ്പെടുന്ന വാർഷിക സമ്മേളനത്തിൽ വച്ച് അവാർഡ് നൽകുന്നതാണ്.

## സന്യാസിനി സമൂഹത്തിന്റെ പുതിയ സാരഥികൾ

### ഡോട്ടേഴ്സ് ഓഫ് സെന്റ് തോമസ് കോൺഗ്രിഗേഷൻ സാന്തോം പ്രൊവിൻസ്

പ്രൊവിൻഷ്യൽ സുപ്പീരിയർ: സി. ക്ലാരിസ് താഴത്തുവീട്ടിൽ
കൗൺസിലേഴ്സ് - സി. ആൻസി മാണിക്കത്താഴെ
" - സി. അൽഫോൻസാ കുളംകൊമ്പിൽ
" - സി. ജോയിസ് ഓലിക്കൽ
" - സി. ലിറ്റി വാഴയിൽ

## വാർത്തകളും വിശേഷങ്ങളും

### ചരിത്ര നേട്ടവുമായി മാഡം സ്പീക്കർ മീരാ കുമാർ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ പ്രഥമ വനിതാ സ്പീക്കർ എന്ന ചരിത്ര നേട്ടവുമായി കോൺഗ്രസിന്റെ ദളിത് നേതാവ് മീരാ കുമാർ ലോക്സഭാ സ്പീക്കറായി ജൂൺ 3-ാം തീയതി ചുമതലയേറ്റു. സ്വാതന്ത്ര്യ സമരസേനാനിയും മുൻ ഉപപ്രധാനമന്ത്രിയുമായ ജഗ്ജീവൻ റാമിന്റെ പുത്രിയാണ് മീരാ കുമാർ. 1945 മാർച്ചിൽ പാറ്റ്നയിൽ ജനിച്ച മീരാ കുമാർ നിയമബിരുദവും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. 1973-ൽ വിദേശകാര്യ സർവ്വീസിൽ പ്രവേശിച്ചു. ആ ജോലി രാജിവച്ചാണ് മീര രാഷ്ട്രീയത്തിലിറങ്ങിയത് . ബീഹാറിലെ സസറാമിൽ നിന്നാണ് ഇവർ ഇക്കുറി ലോക്സഭയിലെത്തിയത്. കഴിഞ്ഞ യു.പി. എ സർക്കാരിൽ സാമൂഹ്യക്ഷേമ മന്ത്രിയായിരുന്നു. പതിനഞ്ചാം ലോക്സഭയുടെ സ്പീക്കറായി

ഒരു വനിതയെ തെരഞ്ഞെടുത്തത് രാജ്യത്തെ വനിതകളുടെ ശാക്തീകരണത്തിന് വേണ്ടിയാണെന്ന് പുതിയ സ്പീക്കറെ അനുമോദിച്ചു നടത്തിയ പ്രസംഗത്തിൽ പ്രധാനമന്ത്രി പറഞ്ഞു.

**പുതിയ മന്ത്രിസഭ: രാജ്യം പ്രതീക്ഷയിൽ**

രാജ്യത്തിന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും വാനോളമുയർത്തി മൻമോഹൻസിംഗിന്റെ നേതൃത്വത്തിൽ പുതിയ മന്ത്രിസഭ അധികാരമേറ്റു. ആഭ്യന്തരമന്ത്രിയായി പി. ചിദംബരവും, ധനകാര്യമന്ത്രിയായി പ്രണാബ് മുഖർജിയും, പ്രതിരോധ മന്ത്രിയായി എ.കെ. ആന്റണിയും ചുമതലയേറ്റു. റെയിൽവെ മമത ബാനർജിയും, കൃഷിവകുപ്പ് ശരദ് പവാറും വിദേശകാര്യ വകുപ്പ് എസ്.എം. കൃഷ്ണയും കൈകാര്യം ചെയ്യും.

**കാൻധമലിലെ ക്രൈസ്തവരോട് ചിദംബരം മാപ്പു പറഞ്ഞു.**

ഭുവനേശ്വർ (ഒറീസ): കാൻധമലിൽ കലാപബാധിതരായി അഭയാർത്ഥി ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന ക്രൈസ്തവരോട് കേന്ദ്ര ആഭ്യന്തരമന്ത്രി പി. ചിദംബരം മാപ്പു പറഞ്ഞു. രണ്ടു ദിവസത്തെ ഒറീസ സന്ദർശനത്തിനിടെ ഇന്നലെ കാൻധമൽ ജില്ലയിലെ വിവിധ അഭയാർത്ഥി ക്യാമ്പുകൾ സന്ദർശിച്ച് കലാപബാധിതരെ ആശ്വസിപ്പിച്ച ശേഷമാണ് ചിദംബരം മാപ്പപേക്ഷ നടത്തിയത്.

സംഭവിച്ചതിനൊക്കെ ഞാൻ ക്ഷമ ചോദിക്കുന്നു എന്നായിരുന്നു ഫുൽബാനിയിലെ ഒരു അഭയാർത്ഥി ക്യാമ്പിലെത്തിയ ചിദംബരത്തിന്റെ ആദ്യ പ്രതീകരണം.

## രൂപതാദ്ധ്യക്ഷന്റെ ഡയറി

**മെയ് 2009**

21. അഭിവന്ദ്യ പിതാവ് കല്ലാർകുട്ടിയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളി ആശീർവദിക്കുകയും ദിവ്യബലിയർപ്പിച്ച് സന്ദേശം





നൽകുകയും ചെയ്തു.

22. ഭൂമിയാംകുളത്ത് പുതുതായി നിർമ്മിച്ച കുരിശടിയും കൽക്കുരിശും ആശീർവദിക്കുകയും ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.
23. ആത്മജ്യോതിയിൽ വച്ച് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ച് സന്ദേശം നൽകി.
24. ചുരുളി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.
28. തോപ്രാംകുടി അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ചു നടന്ന F.S.D. സന്യാസിനികളുടെ സഭാവസ്ത്രസ്വീകരണത്തിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നൽകി.
30. വാഴത്തോപ്പിൽ വച്ചു നടന്ന കോർപ്പറേറ്റ് സ്കൂളുകളിൽ പഠിക്കുന്ന സിസ്റ്റേഴ്സിന്റെ മീറ്റിംഗിൽ സന്ദേശം നൽകി.
31. തട്ടേക്കണ്ണി ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

**ജൂൺ 2009**

2. അടിമാലി ആത്മജ്യോതിയിൽവച്ചു നടന്ന വൈദികരുടെ Presbyterium ത്തിന് നേതൃത്വം നൽകി.

## BISHOP'S ENGAGEMENTS

**August 2009**

| | Place | Programme | Time |
|---|---|---|---|
| 3-7. | Engaged | | |
| 7. | Rajakkadu | Mass | 02.30 pm |
| 8. | Engaged | | |
| 9. | Engaged | | |
| 10. | Cherppunkal | Marriage | |
| 11. | Engaged | | |
| 12. | | Presbyteral Council | |
| * | Vazhavara | Balabhavan | 04.30 pm |

**പുതിയ ഫോൺ നമ്പർ**

ചിന്നാർനിരപ്പ് : 04868 229679